# വികസനം, ജാതിവ്യവസ്ഥ, ശ്രേണീകൃത അസമത്വങ്ങൾ

സണ്ണി. എം. കപിക്കാട്

മൂലധനത്തിന് ജാതിയും മതവും ലിംഗവുമൊക്കെയുണ്ട്. അങ്ങനെതന്നേ മൂലധനം സഞ്ചരിക്കുകയുള്ളൂ. അതല്ലാതെ സ്വന്തം യുക്തിയിൽ, ലാഭപ്രചോദിതമായ യുക്തിയിൽ നടക്കുന്ന ഒന്നാണ് മൂലധനം എന്നു പറയുന്നത് ശുദ്ധഭോഷ്കാണ്. ഇന്ത്യയെ സംബന്ധിച്ച്, ലോകത്തെ സംബന്ധിച്ച് വസ്തുതയുമായി യോജിക്കുന്ന കാര്യമല്ല അത്.

അഭിമുഖം തയ്യാറാക്കിയത്:
കെ. സന്തോഷ്കുമാർ

**ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രക്രിയയിൽ അന്തുലിതമായ സാമുദായികാവസ്ഥയും ജാതിശ്രേണിയും സൃഷ്ടിക്കുന്ന അസ്വമത്വങ്ങൾ ഏത് വിധമാണെന്ന് വിശദമാക്കാമോ ?**

ഇന്ത്യയിൽ ഇപ്പോൾ നടക്കുന്നത് വലിയ വികസനമാണെന്നുള്ളത് യഥാർത്ഥത്തിൽ ഒരു തെറ്റിദ്ധാരണയാണ്. ഇന്ത്യയിൽ സമകാലീന സാഹചര്യത്തിൽ നടക്കുന്ന, വികസനമെന്ന് വിചാരിക്കുന്ന സാമ്പത്തിക-രാഷ്ട്രീയപ്രക്രിയയിലൂടെ യഥാർത്ഥത്തിൽ വൻകിട കോർപ്പറേറ്റുകൾക്കുവേണ്ടി നമ്മുടെ വിഭവങ്ങൾ കൊള്ളയടിക്കാനും അതിലൂടെ വലിയ ലാഭം കൊയ്യാനും പറ്റുന്ന ഒരു സാഹചര്യമാണ് സ്റ്റേറ്റ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഒരുപക്ഷെ, കോർപ്പറേറ്റുകൾ ആവശ്യപ്പെടാതെ തന്നെ സ്റ്റേറ്റ് അത് പ്രൊവൈഡ് ചെയ്യുന്നുണ്ട്. ആ നിലയ്ക്ക് ഇപ്പോൾ നടക്കുന്ന വികസന പ്രവർത്തനങ്ങൾ ഇന്ത്യയിൽ ജീവിച്ചിരിക്കുന്ന വ്യത്യസ്ത ജനവിഭാഗങ്ങൾക്ക് അവരുടെ ജീവിതത്തെ മെച്ചപ്പെടുത്തുവാനുള്ള എന്തെങ്കിലും പ്രക്രിയയാണെന്ന് ഞാൻ കരുതുന്നതേയില്ല. ജനങ്ങളുടെ ജീവിതത്തെ മെച്ചപ്പെടുത്തുന്ന, അവരുടെ ജീവിതത്തിന് പുതിയ മാനങ്ങൾ കൈവരുന്നവിധം പൊതുസമ്പത്ത് വിനിയോഗിക്കാൻ കഴിയുന്ന ഒരു വികസന പരിപ്രേക്ഷ്യത്തിലേക്ക് നമ്മൾ മാറേണ്ടതുണ്ട്. അങ്ങനെ മാറുമ്പോൾ പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളാണ് പ്രധാന പരിഗണനയായി എടുക്കേണ്ടത്. ഒന്ന്, ഇന്ത്യയിൽ വ്യത്യസ്തങ്ങളായ ജനവിഭാഗങ്ങൾ വ്യത്യസ്തമായ ശ്രേണിയിൽ ജീവിക്കുന്നവരാണെന്നും അതുകൊണ്ടുതന്നെ പ്രത്യേകമായ ട്രീറ്റുമെന്റുകൾ ഓരോ ജനവിഭാഗത്തിനും വേണ്ടിവരുമെന്നും എന്നതാണ്. അങ്ങനെ ഒരു പരിഗണന ഇല്ലായെങ്കിൽ മൊത്തത്തിൽ ഇന്ത്യയിലെ ജനങ്ങൾ എന്ന് പറയുന്നതിൽ ഒരു കഥയുമില്ല. അത് ഒരു അർത്ഥവും ഉത്പാദിപ്പിക്കുന്നില്ല. പല ശ്രേണിയിൽ ജീവിക്കുന്നവർക്ക് സാമ്പത്തികപ്രക്രിയയിൽ വ്യത്യസ്തമായ ട്രീറ്റ്മെന്റ് ആവശ്യമുണ്ട് എന്ന അടിസ്ഥാനപരമായ ഒരു ധാരണ നമുക്ക് ഇല്ലായെങ്കിൽ ഈ നടക്കുന്ന ഒരു വികസനത്തിന്റെയും ഗുണഭോക്താക്കളാകാൻ, പ്രത്യേകിച്ച് പാർശ്വവത്കൃതവിഭാഗങ്ങൾക്ക് കഴിയില്ല എന്നതാണ് പ്രശ്നം. ആ ഒരു പ്രധാനകാര്യത്തെ അടിസ്ഥാനമാക്കി വേണം പുതിയൊരു വികസന പരിപ്രേക്ഷ്യം ഉണ്ടാക്കാൻ.

രണ്ടാമതായി, ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താൻ ഏതു തരത്തിൽ മുന്നേറാം എന്നുള്ളത് പത്തൊമ്പതാം നൂറ്റാണ്ടിലെയും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെയും സങ്കൽപ്പമാണ്. ശാസ്ത്രത്തിന്റെ പിൻബലത്തോടെ ഏതുവിധേനയും വികസന പ്രവർത്തനം നടത്തി ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതായിരുന്നു സമീപനം. അവിടെ പ്രകൃതി എന്നത് ഒരു കൺസേൺ ആയിരുന്നില്ല. ജനങ്ങളുടെ പ്രശ്നം പരിഹരി

എഴുത്തുകാരൻ, ചിന്തകൻ,
ദളിത്-ആദിവാസി ആക്ടിവിസ്റ്റ്

ക്കാൻ പ്രകൃതിയിൽ എന്തുതരത്തിലുള്ള മാറ്റം വരുത്താനും മനുഷ്യന് അവകാശമുണ്ട് എന്നത് ഒരു പഴയ സങ്കൽപ്പമാണ്. ഇനിയുള്ള കാലത്ത് ഏതുതരത്തിലുള്ള വികസന പ്രവർത്തനവും നാം ചർച്ചയ്ക്ക് എടുക്കുമ്പോൾ പ്രധാനപ്പെട്ട കൺസേണായി വരേണ്ടത് പ്രകൃതിയുടെ നിലനിൽപ്പും അതിന്റെ സംരക്ഷണവുമാണ്. പ്രകൃതിയുടെ സംരക്ഷണം എന്നത് ഒരു കേവല ഭാഷ്യമായിട്ടോ ഒരു റൊമാന്റിക് ഐഡിയ ആയിട്ടോ അല്ല പറയുന്നത്. പ്രകൃതിയുടെ സംരക്ഷണമെന്നത് ഇനി നമുക്ക് നീട്ടിവയ്ക്കാൻ കഴിയില്ല. ഭാവിതലമുറയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടാൻ കഴിയുംവിധമുള്ള ഒരു വികസന പരിപ്രേക്ഷ്യമാണ് നമ്മൾ വികസിപ്പിക്കേണ്ടത്. ഇപ്പോൾ നിലവിലുള്ളത് വികസനമാണെന്ന് ഞാൻ വിചാരിക്കുന്നില്ല എന്നുമാത്രമല്ല, പ്രകൃതി എന്നതിന് ഒരു പരിഗണനയുമില്ല. ജനങ്ങളെക്കുറിച്ച് ഒരു ചിന്തയുമില്ലാത്ത സാമ്പത്തിക ഇടപാടുകളാണ്, വിഭവക്കൊള്ളയാണ് യഥാർത്ഥത്തിൽ വികസനത്തിന്റെ പേരിൽ നടക്കുന്നത്.

ഇന്ത്യയിൽ ചർച്ച ചെയ്യുന്ന സാമ്പത്തിക ശാസ്ത്രത്തിനകത്ത് ശ്രേണീബദ്ധമായ ഇന്ത്യൻ സമൂഹത്തിന്റെ ഘടന മർമ്മപ്രധാനമായ ഫാക്ടർ ആണ്. അതായത് ഇന്ത്യൻ സമൂഹത്തിനകത്ത് മൂലധനമാകട്ടെ, വികസനമാകട്ടെ, അധികാരമാകട്ടെ, ഭൂമിയാകട്ടെ, എന്തുമാകട്ടെ ഇതെല്ലാം ഈ ശ്രേണീകൃത അസമത്വവുമായി നേരിട്ട് ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. ഉദാഹരണമായി ഇന്ത്യയിലെ ഭൂ ഉടമസ്ഥത വളരെ നേരിട്ടുതന്നെ ജാതിയുമായി, ജാതിവ്യവസ്ഥിതിയുമായി ബന്ധപ്പെട്ടൊരു കാര്യമാണ്. ജാതിയെന്ന ഫാക്ടറിനെ കണക്കിലെടുക്കാതെ പോയതുകൊണ്ടാണ് കേരളത്തിൽ നടന്ന 'ഭൂപരിഷ്കരണം' അടക്കം ദളിത്-ആദിവാസി ജനതയ്ക്ക് ഒരു ദുരന്തമായി മാറിയത്. മൂലധനം വെറുതെ ആകാശത്തുനിന്ന് കെട്ടിയിറക്കി ആരുടെയെങ്കിലും കൈയിലേക്ക് വരുന്ന സാധനമല്ല. ഈ ശ്രേണീകൃതവ്യവസ്ഥയുമായി ബന്ധപ്പെട്ടാണ് മൂലധനത്തിന്റെ രൂപീകരണവും സമാഹരണവും നടന്നിട്ടുള്ളത് എന്ന് വളരെ വ്യക്തമാണ്. അതുകൊണ്ടുതന്നെ മൂലധനത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ശ്രേണീകൃതമായ അസമത്വം എന്ന ഘടന വെച്ചുകൊണ്ടല്ല നാം പരിശോധിക്കുന്നതെങ്കിൽ ഇന്ത്യൻ സാമ്പത്തിക മണ്ഡലത്തിൽ എന്താണ് നടക്കുന്നതെന്ന് നമുക്ക് പിടികിട്ടാതെ വരും. ഉദാഹരണത്തിന് കേരളത്തിൽ ഒന്നാം മേഖലയും രണ്ടാം മേഖലയും പൂർണ്ണമായും ഉല്പാദനപരമായി കുറഞ്ഞുനിൽക്കുമ്പോൾ-വ്യാവസായിക മേഖലയും കാർഷികമേഖലയും-സേവനമേഖല വൻതോതിൽ വളരുന്നുണ്ട്. ഇത് നമ്മുടെ സമ്പദ്ഘടനയിലെ ഒരു ഏങ്കോണിപ്പായാണ് ആളുകൾ മനസ്സിലാക്കുന്നത്. ഞാൻ മനസ്സിലാക്കുന്നത് ഏങ്കോണിപ്പിന്റെ കാര്യമല്ലിത്. സേവന മേഖലയിൽ പണം മുടക്കുന്നത് ആരാണെന്ന് നോക്കിയാൽ കേരളത്തിലെ സംഘടിത സമുദായങ്ങളാണ്. അതാണ് അതിന്റെ മെക്കാനിസം. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനിയും നായന്മാരും അടങ്ങുന്ന സംഘടിത സമുദായങ്ങളാണ് വിദ്യാഭ്യാസത്തിന്റേയും ആരോഗ്യത്തിന്റെയും മേഖലയിൽ പണമിറക്കുന്നത്. അവരാണ് അവിടുത്തെ മേജർ പ്ലയേഴ്സ്. ഇത് നമുക്ക് പിടികിട്ടിക്കഴിഞ്ഞാൽ ഇത് ഏങ്കോണിപ്പല്ലെന്നും മറിച്ച് വികസനത്തിന്റെ തന്നെ സാമുദായികമായ അസന്തലുതിതാവസ്ഥയാണെന്നും പിടികിട്ടും. അസന്തുലിതാവസ്ഥയെക്കുറിച്ച് നമുക്കൊരു ധാരണയുണ്ടെങ്കിൽ പിന്നെ ഈ മൂലധനത്തിന്റെ നീതിപൂർവ്വമായ ഒരു പുനർവിതരണത്തെക്കുറിച്ചാണ് നമ്മുടെ ചിന്ത പോവുക. ഇത് കാണാതെ പോയാൽ ഒരു പ്രശ്നപരിഹാരം ഒരിക്കലും നമ്മുടെ മുന്നിൽവരില്ല. കാരണം യാഥാർത്ഥ്യമല്ല അപ്പോൾ നമ്മൾ കാണുന്നത്. ഏങ്കോണിപ്പായാണ് നാം അതിനെ മനസ്സിലാക്കുന്നത്.

വികസനവുമായി ബന്ധപ്പെട്ട ചർച്ചയിലെ പ്രധാനപ്പെട്ടൊരു സങ്കൽപ്പം പുറത്തുനിന്ന് വരുന്ന മൂലധനശക്തികൾ ഇന്ത്യയെന്ന രാഷ്ട്രത്തെ ആക്രമിക്കുന്നു എന്നതാണ്. ഇത് ശുദ്ധനുണയാണ്. ഒരിക്കലും പുറത്തുനിന്നുള്ള മൂലധനത്തിന് ഏകപക്ഷീയമായി ഒരു രാഷ്ട്രത്തിലേയ്ക്ക് കടന്നുവരുവാൻ കഴിയില്ല. അങ്ങനെ കടന്നുകയറിയാൽ അതിഭീകരമായ കൂട്ടക്കൊലകളും ആഭ്യന്തര കലാപങ്ങളുമായിരിക്കും അതിന്റെ അനന്തര ഫലം. ഇന്ത്യയെ സംബന്ധിച്ച് അത്തരമൊരു കൂട്ടക്കൊലയുടെയോ ആഭ്യന്തരകലാപത്തിന്റെയോ ചരിത്രമില്ല. അതിന്റെ കാരണമെന്താണെന്ന് നോക്കിയാൽ, ഈ ബ്രിട്ടീഷ് മൂലധനത്തെ, വിദേശമൂലധനത്തെ സ്വീകരിക്കുവാൻ പാകപ്പെട്ട ചില സമുദായങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നു. കായസ്ഥ ബ്രാഹ്മണർ കൽക്കട്ടയിൽ, മാർവാഡികൾ ബോംബെയിൽ, മദ്രാസിൽ അയ്യങ്കാർ ഇങ്ങനെ പറയുന്ന സമ്പന്നമായ, സവർണ്ണമായ സമുദായങ്ങൾ ആണ് ഇവരെ രണ്ടുകൈയ്യുംനീട്ടി സ്വീകരിച്ച്, അവർക്കുവേണ്ട ഏർപ്പാടുകളൊക്കെ ചെയ്തുകൊടുത്തത്. ഈ ഒരു ഇന്റേണൽ ഫാക്ടറിനെ നമ്മൾ കാണാതിരിക്കുകയാണ്. പുറത്തുനിന്നും വരുന്നവർ മാത്രമാണ് നമ്മുടെ ശത്രു എന്നു പറയുന്ന ദേശസ്നേഹ പ്രചോദിതമായ ഒരുതരം സിദ്ധാന്തം നമ്മൾ കൈയ്യൊഴിയേണ്ടതുണ്ട്. ഇന്ത്യയ്ക്കകത്തുതന്നെ ആ മൂലധനത്തെ സ്വീകരിക്കാൻ കഴിയുന്ന വഴികളുണ്ടെന്നും ആ വഴികൾ സവർണ്ണവും സാമുദായികവുമാണെന്നും നാം അറിയണം. ഇവിടെയാണ് ഇന്ത്യയിലെ 90 ശതമാനം ദരിദ്രർ എന്തുകൊണ്ടാണ് ദളിതരായിരിക്കുന്നത് എന്ന ചോദ്യത്തിന്റെ ഉത്തരമിരിക്കുന്നത്. അതല്ലാതെ, ഇന്ത്യയിൽ ദരിദ്രരുണ്ട്, സമ്പന്നരുണ്ട് എന്ന ലളിതയുക്തിയ്ക്ക് യാതൊരു സ്ഥാനവുമില്ല. സമകാലിക ഇന്ത്യയിലെ വൻകിട മൂലധന ശക്തികൾ എത്രയോ രാഷ്ട്രങ്ങളെയാണ് കൊള്ളയടിക്കുന്നത്. അന്താരാഷ്ട്ര നിലവാരമുള്ള വലിയൊരു സാമ്പത്തികശക്തി, ഒരു കോർപ്പറേറ്റ് ശക്തി ഇന്ത്യയ്ക്കകത്തുണ്ട്. ഇന്ത്യാക്കാരായ മനുഷ്യരാണ് അതിനെ നയിക്കുന്നത്. അതല്ലാതെ കൊളോണിയൽ കാലത്തെ യുക്തികൊണ്ട് ഇതിനെ അളക്കാൻ കഴിയില്ല.

**ഇന്ത്യയിൽ സ്വത്തുടമസ്ഥയുടെ രൂപീകരണത്തിൽ ജാതി വളരെ കൃത്യമായ സ്ഥാനം വഹിച്ചിട്ടുള്ളതായി താങ്കൾ 'ജനതയും ജനാധിപത്യ'ത്തിലും വിലയിരുത്തുന്നുണ്ട്. കൊളോണിയൽ കാലഘട്ടം മുതൽ മൂലധനമായി യാതൊരു ബന്ധവും സ്ഥാപിക്കുവാൻ അയിത്തജാതി വിഭാഗങ്ങൾക്ക് കഴിയാത്ത അവസ്ഥയുമുണ്ട്. പുത്തൻ സാമ്പത്തികനയങ്ങളുടെ ഭാഗമായി സൃഷ്ടിക്കുന്ന വികസന വ്യവസ്ഥയ്ക്ക് ഈ ജാതി ഘടനയെ തകർക്കാൻ കഴിയുമോ ? മധ്യമ ജാതികളുടെ 'ഹുണ്ടിക മൂലധനത്തെ' തകർക്കാൻ പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായ മൂലധനപ്രവാഹത്തിനു കഴിയുമെ**

**ങ്കിൽ അതിനെ ക്രിയാത്മകമായി എടുക്കണമെന്നും താങ്കൾ നിരീക്ഷിക്കുന്നുണ്ട്. ഫലത്തിൽ അങ്ങനെ സംഭവിക്കുന്നുണ്ടോ ? പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട വരേണ്യ വികസന വ്യവസ്ഥ പാർശ്വവത്കൃത ജനവിഭാഗങ്ങളെ കൂടുതൽ പുറന്തള്ളുകയല്ലേ ചെയ്തത് ?**

ആഗോളവത്കരണത്തെ സംബന്ധിച്ച് ഇടതുപക്ഷം ഇന്ത്യയിൽ പ്രചരിപ്പിച്ചൊരു കഥയാണിത്. ആഗോളവത്കരണം രാഷ്ട്രത്തിനും, എല്ലാ ജനവിഭാഗങ്ങൾക്കും നാശമാണെന്നും, അതുകൊണ്ട് ആഗോളവത്കരണം ചെറുത്തു തോൽപ്പിക്കണമെന്നും ഉള്ളത് തൊണ്ണൂറുകൾ മുതലുള്ള ഇടതുപക്ഷത്തിന്റെ പ്രധാന മുദ്രാവാക്യങ്ങളിൽ ഒന്നായിരുന്നു. ഞാൻ ആ പുസ്തകത്തിൽ പറയുന്നൊരുകാര്യം, ആഗോളവത്കരണത്തിന്റെ ഭാഗമായി കടന്നുവരുന്ന മൂലധനം പ്രാദേശികമായ സാമ്പത്തികശക്തികളെ തകർക്കുമെങ്കിൽ അത് ഗുണം ചെയ്യും എന്നായിരുന്നു. ഞാൻ ആ വാദത്തിൽ ഉറച്ചുനിൽക്കുന്ന ഒരാളാണ്. കാരണം ജാതിയെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ കൊളോണിയൽ ഇടപെടലുകൾ ജാതിയെ ദുർബലപ്പെടുത്തിയിട്ടുണ്ട്. മൂലധനത്തിന് ഒഴുകിപരക്കണമെങ്കിൽ പരമ്പരാഗതമായ ജാതിഘടന തകരേണ്ടതുണ്ടായിരുന്നു. അവർക്ക് വലിയൊരു ലേബർ ഫോഴ്സിനെ ആവശ്യമുണ്ടായിരുന്നു. പല രൂപത്തിൽ പുതിയൊരു രാഷ്ട്രത്തിലേയ്ക്ക്, രാഷ്ട്രത്തിന്റെ പുതിയൊരു ഘടനയിലേയ്ക്ക് സമൂഹം പരിവർത്തനപ്പെടുകയായിരുന്നു. പഴയ നിയമവ്യവസ്ഥയ്ക്ക് പകരം പുതിയൊരു നിയമവ്യവസ്ഥ നിലവിൽ വന്നു. ഇങ്ങനെ കൊളോണിയൽ ഇടപെടൽ ജാതിയുടെ അടിസ്ഥാനപരമായ ഘടനയെ ഉലച്ചിട്ടു എന്നതിൽ യാതൊരു തർക്കവും ഇല്ല. തീർച്ചയായും കൊളോണിയൽ ശക്തികൾ ഒരു രാഷ്ട്രം എന്ന നിലയിൽ ഇന്ത്യയെ കൊള്ളയടിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷെ, കൊള്ളയടിക്കുക മാത്രമായിരുന്നു എന്ന് പറയുന്നതിൽ ഒരു പിശകുണ്ട്. മറിച്ച് ജാതിയെ അത് സവിശേഷമായ രീതിയിൽ പരിവർത്തനപ്പെടുത്തിയിട്ടുണ്ട്. 1993ൽ എഴുതിയൊരു ലേഖനമാണത്. ഗ്ലോബലൈസേഷനു ശേഷം ആഗോളമൂലധനം ഇന്ത്യയിലേയ്ക്ക് പ്രവേശിച്ചാൽ ഇന്ത്യയിലെ പരമ്പരാഗത സ്വത്തുടമസ്ഥതയ്ക്ക് അത് വിള്ളലേൽപ്പിക്കും എന്നായിരുന്നു എന്റെ വാദം. ഇന്ന് നോക്കുമ്പോൾ വിള്ളലേൽപ്പിച്ചിട്ടുണ്ട് എന്നതിന് അനേകായിരം ഉദാഹരണം നമുക്ക് പറയാൻ കഴിയും. രണ്ട് കാര്യങ്ങളാണ് സംഭവിച്ചത്. ഒന്ന് ഗ്ലോബലൈസേഷൻ ഒരു പ്രക്രിയ എന്ന നിലയ്ക്ക് സാംസ്കാരിക മണ്ഡലത്തിലും വൈജ്ഞാനികമണ്ഡലത്തിലും ഉണ്ടാക്കിയ വലിയ ഒരു ഓപ്പണിംഗുണ്ട്. ആ ഓപ്പണിംഗ് പ്രധാനമാണ്. വിജ്ഞാനത്തിനുമേലുള്ള ബ്രാഹ്മണ്യ കുത്തകയെ അത് അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുകയും തള്ളിക്കളയുകയും ചെയ്തു. വൈജ്ഞാനികമായ, പരമ്പരാഗതമായ സവർണ്ണാധിപത്യത്തെ അത് കടപുഴക്കി എറിഞ്ഞു. ആർക്കുവേണമെങ്കിലും വിജ്ഞാനലോകത്തേയ്ക്ക് സ്വതന്ത്രമായി പ്രവേശിക്കാവുന്ന ഒരു കാലാവസ്ഥയുണ്ടായത് ഗ്ലോബലൈസേഷന്റെ വരവോടു കൂടിയാണ്. രണ്ടാമത് ഇത് മാർക്കറ്റിനെ വൻ തോതിൽ തുറന്നിട്ടു. മാർക്കറ്റിൽ കൊള്ളയടി നടക്കുന്നുണ്ട്. പക്ഷെ, മാർക്കറ്റ് തുറക്കപ്പെട്ടു എന്ന യാഥാർത്ഥ്യം മൂടിവെയ്ക്കേണ്ടതില്ല. മാർക്കറ്റ് തുറന്നതോടെ കുറഞ്ഞ വരുമാനമുള്ള ഒരാൾക്ക് പോലും മാർക്കറ്റിലേക്ക് പ്രവേശനം കിട്ടി. ഇത് ഏറ്റവും കൂടുതൽ ഉപകാരപ്രദമായത് ദളിതർക്കാണ്. അവരാണ് കുറഞ്ഞ വരുമാനമുള്ള മനുഷ്യർ. മാർക്കറ്റ് ക്ലോസ്ഡ് ആയിരുന്ന സമയത്ത് സാമ്പത്തികമായി ഭദ്രതയുള്ള ആളുകൾക്ക് മാത്രം പ്രവേശനമുള്ള ഇടങ്ങളിലേക്ക് മാർക്കറ്റ് തുറന്നതോടെ ആർക്കും പ്രവേശിക്കാവുന്ന സ്ഥിതി സംജാതമായി. അതിനെ ഉപയോഗപ്പെടുത്തി സ്വന്തം ജീവിതത്തെ മാറ്റിമറിച്ചത് ദളിത് വിഭാഗങ്ങളാണ്. കഴിഞ്ഞ ഒരു ഇരുപത്-മുപ്പത് വർഷങ്ങൾക്കിടയിൽ കേരള സമൂഹത്തിൽ ദളിതരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഞാനൊക്കെ അറുപതുകളിൽ ജനിച്ച തലമുറയാണ്. എഴുപതുകളിൽ കേരളത്തിലെ ദളിതരുടെ ജീവിതം എന്തായിരുന്നുവെന്ന് നേരിട്ട് കണ്ടിട്ടുണ്ട്. അതുമായി താരതമ്യം ചെയ്യുമ്പോൾ ദളിതരുടെ ജീവിതത്തിൽ വളരെ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ആ മാറ്റത്തിന് കാരണം ഇവിടെ നടന്ന വിപ്ലവമൊന്നുമല്ല. മറിച്ച് ഗ്ലോബലൈസേഷനുശേഷം രൂപപ്പെട്ട പുതിയൊരു അന്തരീക്ഷമായിരുന്നു.

കേരളത്തിൽ ഇപ്പോൾ നമ്മൾ കാണുന്ന സാമുദായികമായ അസന്തുലിതാവസ്ഥയ്ക്ക് കാരണം സർക്കാർ നയങ്ങളാണെന്ന കാര്യത്തിൽ എനിക്കൊരു തർക്കവുമില്ല. അറുപത്-എഴുപത് കാലഘട്ടത്തിൽ കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളിൽ മിക്കവാറും എല്ലാ ജാതികളും കൂലിപ്പണി ചെയ്ത് തന്നെയാണ് ജീവിച്ചിരുന്നത്. നായന്മാരും ഈഴവരും ക്രിസ്ത്യാനികളും പുലയരും പറയരും എല്ലാം പണിയെടുത്ത് തന്നെയാണ് ജീവിച്ചത്. അവർക്കൊന്നും അത്ര ഏറ്റക്കുറച്ചിലുകൾ ഉണ്ടായിരുന്നില്ല. പക്ഷെ, സർക്കാർ നയങ്ങളാണ്; എഴുപതിലെ ഭൂപരിഷ്കരണം, 72ലെ ഡയക്ട് പേ പോലുള്ള എയ്ഡഡ് വിദ്യാഭ്യാസ മേഖലയ്ക്ക് കൊടുക്കുന്ന കൂടുതൽ പരിഗണനകൾ, വ്യാവസായിക മേഖലയിലേക്ക് കടന്നുവരാൻ സവർണ്ണ സമുദായങ്ങൾക്ക് കൊടുക്കുന്ന പിന്തുണ, അവർ വിദേശങ്ങളിലേക്ക് പോകാൻ പാകത്തിൽ ഭൂമി ലഭ്യമാകുന്നു. ഭൂമി പണയം വെച്ച് അവർ കുട്ടികളെ വിദേശത്തേയ്ക്ക് വിടുന്നു. അങ്ങനെ മൂലധനത്തെ അവർ തിരിച്ചുകൊണ്ടുവരുന്നു. ഇങ്ങനെ വളരെ വലിയ ഒരു പ്രോസസ്സ് എഴുപതുകളില് നടക്കുന്നുണ്ട്. ഇതേ സർക്കാരുകളുടെ നയങ്ങൾ ഒന്നുംതന്നെ പാർശ്വവൽകൃത സമുദായങ്ങളെ രക്ഷിച്ചിട്ടില്ല. അതുകൊണ്ടാണ് എഴുപതുകളിൽ ഇല്ലാത്ത വലിയൊരു വിടവ് ഇപ്പോൾ ഈ സമുദായങ്ങൾക്കിടയിൽ കാണുന്നത്. സമുദായ അംഗങ്ങൾ പണിയെടുത്ത് ഉണ്ടാക്കിയ സമ്പത്തല്ല അത്. സംഘടിത സമുദായങ്ങളെ സർക്കാർ നയങ്ങൾ വൻതോതിൽ സഹായിച്ചിട്ടുണ്ട്. ഭൂപരിഷ്കരണത്തിനുശേഷം 15 ലക്ഷം കുടുംബങ്ങൾക്ക് ഭൂമി കിട്ടിയെന്ന് പറയുന്നു. ഈ പതിനഞ്ച് ലക്ഷം കുടുംബങ്ങൾ ആരാണ്? ഈ പതിനഞ്ച് ലക്ഷം കുടുംബങ്ങളിൽ ഒരൊറ്റ ആദിവാസിയോ ദളിതനോ ഇല്ല. സർക്കാർ നയമാണ് അവിടെ പ്രശ്നമായത്. ഇപ്പോൾ എയ്ഡഡ് മേഖലയിൽ ലക്ഷക്കണക്കിന് ആളുകൾ തൊഴിൽ എടുക്കുന്നു. ഓരോ മനുഷ്യനും ലക്ഷക്കണക്കിന് രൂപയാണ് മാസവരുമാനം. എക്സ്ക്ലൂസീവായ ചില സമുദായങ്ങൾക്കാണ് അത് ലഭിക്കുന്നത്. അതിലൂടെ അവർ നേടുന്ന സമ്പത്തും അധികാരവും സ്വാഭാവികമായും സമൂഹത്തിൽ പ്രതിഫലിക്കും.

ഗ്ലോബലൈസേഷനു ശേഷമുള്ള ഒരു തുറവി, അത് പാർശ്വവത്കൃതരെ സഹായിച്ചിട്ടുണ്ടെന്ന് തർക്കത്തിനിടയില്ലാത്തവിധം സുവ്യക്തമാണ്. ഗ്ലോബലൈസേഷൻ പൂർണ്ണമായും സ്വീകരിക്കണമെന്ന് അഭിപ്രായം ഉള്ളൊരു ആളല്ല ഞാൻ. ഗ്ലോബൽ മൂലധനത്തെ സാമൂഹികമായി ഓഡിറ്റ് ചെയ്യുകയും, സാമൂഹികമായി നിയന്ത്രിക്കുകയും ചെയ്യുന്ന പുതിയൊരു മെക്കാനിസമാണ് നാം ഉണ്ടാക്കേണ്ടത്. എന്നാൽ മൂലധനം കുഴപ്പമാണ്, മൂലധനമേ വേണ്ട എന്നൊരു സിദ്ധാന്തത്തിൽ ഞാൻ വിശ്വസിക്കുന്നേയില്ല. സമൂഹത്തിന്റെ ഏതുതരത്തിലുള്ള പുനഃസംഘടനയ്ക്കും മൂലധനം ആവശ്യമാണ്. പക്ഷെ, ഈ മൂലധനത്തിനുമേൽ സ്റ്റേറ്റിന് നേരത്തേതന്നെ ഉണ്ടായിരുന്ന നിയന്ത്രണം പോലും ഇപ്പോൾ ഇല്ലാതായിട്ടുണ്ട്. ആ അവസ്ഥ മാറണം. ആ അവസ്ഥ മാറാൻ വിപ്ലവം നടത്തേണ്ട കാര്യമില്ല. ഇച്ഛാശക്തിയുള്ള, പ്രതിബദ്ധതയുള്ള ഒരു ദേശീയ സർക്കാർ ഉണ്ടായാൽ മതി. അന്താരാഷ്ട്ര കരാറുകളിൽ അതിനുള്ള വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾ ഒന്നും പാലിക്കാതെ വിഭവങ്ങളും സമ്പത്തും കൊള്ളയടിക്കുന്ന വലിയ സാമ്പത്തിക ശക്തികൾക്ക് എല്ലാ സഹായവും ചെയ്തുകൊടുക്കുന്ന ആൾക്കാരായി ഗവണ്മെന്റ് മാറി. ഗവണ്മെന്റിന് ജനങ്ങളുടെ കാര്യത്തിൽ താത്പര്യം ഉണ്ടെങ്കിൽ ആ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കും. അപ്പോൾ കോർപ്പറേറ്റുകൾക്ക് വലിയ കൊള്ളയൊന്നും സാധ്യമല്ല എന്ന കാര്യം ഉറപ്പാണ്. ഈ നിലയ്ക്ക് മൂലധനത്തിന്മേൽ സാമൂഹികമായ ഒരു നിയന്ത്രണം സാധ്യമാകുന്ന രീതിയിലുള്ള പുതിയൊരു ലോകത്തെക്കുറിച്ചാണ് ഗ്ലോബലൈസേഷന്റെ ഘട്ടത്തിൽ ആലോചിക്കേണ്ടത്.

മൂലധനത്തിന് ജാതിയും, മതവും ലിംഗവുമൊക്കെയുണ്ട്. അങ്ങനെതന്നേ മൂലധനം സഞ്ചരിക്കുകയുള്ളൂ. അതല്ലാതെ സ്വന്തം യുക്തിയിൽ, ലാഭപ്രചോദിതമായ യുക്തിയിൽ നടക്കുന്ന ഒന്നാണ് മൂലധനം എന്നുപറയുന്നത് ശുദ്ധഭോഷ്കാണ്. ഇന്ത്യയെ സംബന്ധിച്ച്, ലോകത്തെ സംബന്ധിച്ച് വസ്തുതയുമായി യോജിക്കുന്ന ഒരു കാര്യവുമല്ല അത്. ആഗോളവത്കരണം എന്നത് രണ്ടുതരത്തിൽ കാണണം. ഒന്ന് അതിന്റെ ഗുണഫലങ്ങൾ. വെറുതെ മനുഷ്യനെ പച്ചയ്ക്ക് കത്തിക്കുന്ന ഒരു അടഞ്ഞ സ്ഥലമാണ് ഇന്ത്യയെന്ന് നാം ഓർക്കണം. അങ്ങനെയുള്ള ഒരു സ്ഥലത്ത് മാർജിനലൈസ്ഡ് സെക്ഷന് ഒരു തുറവി അത് കൊടുത്തിട്ടുണ്ട്. ഒരു ഉദാഹരണം പറയാം: തൊണ്ണൂറുകളില് പുരുഷന്റെ കൂലി 150 രൂപയായിരുന്നു. ഇന്ന് അത് 800നും 1000ത്തിനും ഇടയിലാണ്. അത് ആരും സമരം ചെയ്തിട്ട് കിട്ടയതല്ല എന്നതാണ് നാം പഠിക്കേണ്ട രാഷ്ട്രീയപാഠം. മൂന്നു രൂപ കൂലി മൂന്നര രൂപയാക്കാൻ നാല് രക്തസാക്ഷികളെ സംഭാവന ചെയ്ത സ്ഥലത്താണ് ഞാൻ ജനിച്ചു വളർന്നത്. നൂറ്റിയമ്പത് രൂപ ആയിരം രൂപ ആയത് ഒരു രക്തസാക്ഷിയെപ്പോലും ആക്കാതെയാണ്. ഇതിന്റെ മെക്കാനിസം നാം പഠിക്കണം. ഈ ആയിരം രൂപ കിട്ടുന്ന ആൾക്ക് അത് കൊടുത്താൽ ഒരു ബൈക്കു കിട്ടും. പിന്നെ അവന് മാസാമാസം പൈസ അടച്ചാൽ മതി. അവർ ഉപയോഗിക്കുന്ന സാധനങ്ങൾ നമ്മുടെ എക്കോസിസ്റ്റത്തിന് എതിരാണോ അല്ലയോ എന്നൊരു വാദത്തിലേക്ക് കടക്കരുത് എന്നൊരു അഭിപ്രായം എനിക്കുണ്ട്. അത് മൊത്തത്തിൽ ചർച്ച ചെയ്യേണ്ട ഒരു കാര്യമാണ്. ഇവർ വണ്ടി വാങ്ങുമ്പോൾ മാത്രം കാർബൺ ചർച്ച ചെയ്യുന്നതിൽ ഒരു വംശീയതയുടെ എലമെന്റുണ്ട്). അതുകൊണ്ട് അവന് വളരെ സൗകര്യപ്രദമായ ഒരു വീടു വയ്ക്കാനും അത്യാവശ്യം സൗകര്യങ്ങളുള്ള ഒരു ജീവിതത്തിലേയ്ക്ക് കടക്കാനും കഴിഞ്ഞു. പണ്ടൊക്കെ ഒരു ഷർട്ട് മാത്രം ഇട്ടിരുന്ന മനുഷ്യരുടെ ഡ്രസ്സ് കോഡിലെല്ലാം വളരെ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. അവരുടെ കളർ സെൻസിലൊക്കെ വലിയ മാറ്റം വന്നു. പുതിയ തലമുറയിൽ അടിസ്ഥാനപരമായി വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഇതൊക്കെ ഗ്ലോബലൈസേഷന്റെ ഭാഗമായി സംഭവിച്ചിട്ടുള്ളതാണ്. അതോടൊപ്പംതന്നെ ഗ്ലോബലൈസേഷന്റ ഭാഗമായി നമ്മുടെ പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. അതിൽ കുറ്റക്കാരായിരിക്കുന്നത് നമ്മുടെ ഭരണാധികാരികളാണ്. ഇത് സ്വാഭാവികമായി തുറന്ന് കൊടുത്തില്ലെങ്കിൽ ഇന്ത്യാരാജ്യം പിരിച്ചുവിടേണ്ടിയൊന്നും വരില്ല. തുറന്ന് കൊടുക്കുന്നില്ല എന്നു പറഞ്ഞാൽ തുറന്നുകൊടുക്കുന്നില്ല, അത്രയേ ഉള്ളു. അങ്ങനെ പറയാൻ പറ്റുന്ന ഒരു സർക്കാർ നമുക്കില്ല. ജനങ്ങളോട് നീതി പുലർത്തുന്ന, ഇച്ഛാശക്തിയുള്ള, രാഷ്ട്രീയ കാഴ്ചപ്പാടുള്ള ഒരു ജനാധിപത്യ ഗവണ്മെന്റിന് മാത്രമേ ഈ മൂലധനത്തെ യഥാർത്ഥത്തിൽ പ്രതിരോധിക്കാൻ കഴിയൂ. ഗവണ്മെന്റിന് പുറത്തുനടക്കുന്ന പ്രക്ഷോഭങ്ങൾ കാപട്യമാണ്. ഇടതുപക്ഷത്തിന്റെ തന്നെ ചരിത്രം നോക്കൂ. അവർ ഗ്ലോബലൈസേഷന് എതിരെ വലിയ പ്രതിരോധം തീർക്കുന്നു എന്നാണ് പറയുന്നത്. എന്നാൽ ഭരിക്കാൻ കിട്ടിയ അവസരങ്ങളിലൊന്നും ഗ്ലോബലൈസേഷന്റെ തത്വങ്ങൾക്കെതിരെ എന്തെങ്കിലും നിലപാട് എടുത്തത് നമുക്ക് അറിയില്ല. അത് പശ്ചിമബംഗാളിലായാലും ത്രിപുരയിലായാലും കേരളത്തിലായാലും. കീഴാറ്റൂരും, വിഴിഞ്ഞത്തും നടക്കുന്ന അതിക്രമങ്ങൾ നോക്കൂ. എന്തുകൊണ്ടാണ് ഒരു ഇടതു ഗവൺമെന്റ് എന്ന നിലയ്ക്ക് വൻകിട മൂലധനശക്തികൾക്കെതിരെ ഒരു രാഷ്ട്രീയ നിലപാട് എടുക്കാൻ ഇവർക്ക് കഴിയാത്തത്. ഇനി കേന്ദ്രഗവണ്മെന്റിന്റെ പ്രേരണയാണെങ്കിലും അത് ജനങ്ങളോട് പറഞ്ഞിട്ടുവേണ്ടേ ഇവർ നില്ക്കാൻ. അതിനുപകരം ഇതിന്റെ നടത്തിപ്പുകാരായി ഇവർ അങ്ങു മാറുകയാണ്. അപ്പോൾ ഇവരുടെ ഗ്ലോബലൈസേഷൻ വിരുദ്ധ സമരമുഖം എന്നത് ശുദ്ധ കാപട്യമാണ്. ബോംബെയിൽ വലിയ കർഷകമാർച്ച് നടത്തി എന്നു പറഞ്ഞവർ തന്നെയാണ് കീഴാറ്റൂർ സമരസമിതിയുടെ സമരപ്പന്തൽ കത്തിച്ചുകളയുന്നത്. ഇങ്ങനെ കാപട്യം നിറഞ്ഞ ഒരു സമരമുന്നണിയായാണ് അവർ രംഗത്തുവരുന്നത്. എനിക്കതിൽ വിശ്വാസമില്ല. ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു ഗവണ്മെന്റ് രൂപീകരിക്കേണ്ടതുണ്ട്. ആ ഗവണ്മെന്റിനേ ഇക്കാര്യത്തിൽ ഫലപ്രദമായി തീരുമാനം എടുക്കാൻ കഴിയൂ. അങ്ങനെ മാത്രമേ ഗ്ലോബലൈസേഷൻ കാലത്തെ മൂലധനത്തിന്റെ ആക്രമണത്തെ ചെറുക്കാൻ കഴിയൂ. പിന്നെ എല്ലാം മൂലധന ആക്രമണമാണെന്നുള്ള സിദ്ധാന്തം നാം കൈയ്യൊഴിയേണ്ടതുണ്ട്. മൂലധനം എന്നു കേൾക്കുമ്പോൾ തന്നെ എന്തോ കുഴപ്പമാണെന്നു കരുതുന്നവരാണ് അത്തരം കെട്ടുകഥകൾ പ്രചരിപ്പിക്കുന്നത്. മറിച്ച് നമ്മുടെ ഈ സൊസൈറ്റിയുടെ സ്റ്റാറ്റിക് ആയ അവസ്ഥയെ ബ്രേക്ക് ചെയ്യുന്നത് മൂലധനമാണ്. മൂലധനം അങ്ങനെയൊരു കടമ നിർവഹിക്കുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. നി

ശ്ചലതയെ അത് ഭേദിക്കുന്നുണ്ട്, മാറ്റിമറിക്കുന്നുണ്ട്. ഈ നിലയിൽ ഗ്ലോബലൈസേഷനെ ഏകപക്ഷീയമായി എതിർക്കുക എന്നു പറയുന്നത് യുക്തിസഹമല്ല.

സ്റ്റേറ്റിനു വെളിയിൽ സമാന്തര ജീവിതമാതൃകകൾ ഉണ്ടാക്കിക്കൊണ്ട് ഗ്ലോബലൈസേഷനെ പ്രതിരോധിക്കണം എന്നു പറയുന്നതും ഒരു ശുദ്ധ അബദ്ധമാണ്. നേഷൻ സ്റ്റേറ്റ് തന്നെയാണ് പ്രധാനം. നേഷൻ സ്റ്റേറ്റിന്റെ നിയന്ത്രണത്തിലാണ് ഈ കാര്യം നടക്കുന്നത്. സ്റ്റേറ്റിന്റെ അധികാരത്തിൽ പാർശ്വവൽകൃത ജനങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധ്യമുള്ള ഒരു സർക്കാർ വന്നാൽ തീർച്ചയായും രാഷ്ട്രീയമായ ഇടപെടലുകളുണ്ടാകും. നമ്മൾ മൂലധനത്തെ പഴി പറഞ്ഞിട്ട് കാര്യമില്ല. സർക്കാർ പോളിസി തന്നെയാണ് പ്രധാനം. ഇന്ത്യയിലെ അദാനി ഉൾപ്പെടെയുള്ള സാമ്പത്തികശക്തികൾക്ക് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് സർക്കാർ നല്കുന്നത്. ഇതിനെ ചോദ്യം ചെയ്യുന്ന പ്രതിരോധ പ്രവർത്തകരെ ആക്രമിക്കുകയോ ജയിലിലടക്കുകയോ ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. വിഴിഞ്ഞത്ത് അദാനി വന്ന് കേരളത്തെ രക്ഷിക്കുമെന്ന് അവർ പ്രചരിപ്പിക്കുകയാണ്. ഇതിനെതിരെ ഗവണ്മെന്റിന് പുറത്ത് അല്ല, ഗവണ്മെന്റിന് അകത്തു തന്നെ നമ്മൾ ഒരുത്തരം കണ്ടെത്തേണ്ടതുണ്ട്. ഗവണ്മെന്റിനു പുറത്ത് സമാന്തര ജീവിതമാർഗങ്ങളുണ്ടാക്കി, ലളിത ജീവിതം നയിച്ച് ഇതിനെയെല്ലാം പ്രതിരോധിക്കാം എന്ന് കരുതുന്നത് ഒരു കാല്പനിക ഫാന്റസി മാത്രമാണ്. അതിനപ്പുറം നമ്മുടെ മർമ്മപ്രധാനമായ സ്ഥാപനം ഗവണ്മെന്റാണ്. ആ ഗവണ്മെന്റിനെക്കൊണ്ട് തീരുമാനം എടുപ്പിക്കുന്നവിധമുള്ള മൂവ്മെന്റുകളും ഗവൺമെന്റ് നയരൂപീകരണകത്തിൽ ഇടപെടുകയുമാണ് ഗ്ലോബലൈസേഷൻ കാലഘട്ടത്തിൽ ഉണ്ടാകേണ്ടത്.

മൂലധന ആധിപത്യം നിലനിൽക്കുന്ന ഇന്നത്തെ ഈ സാഹചര്യത്തിൽ അവിടെ നിന്ന് പരിപൂർണ്ണമായും പുറത്താക്കപ്പെടുകയും രാഷ്ട്രത്തിന്റെയും പൗരാവകാശത്തിന്റെയും മണ്ഡലത്തിൽ നിന്ന് പുറത്തുനിർത്തുകയും, സമ്പത്തിൽ നിന്ന് പുറത്തുനിർത്തുകയും ചെയ്യുന്ന വിഭാഗത്തെ ഉൾക്കൊള്ളുന്ന രാഷ്ട്രീയമാണ് നവ ജനാധിപത്യ രാഷ്ട്രീയം. എന്നുപറഞ്ഞാൽ തദ്ദേശീയ ജനവിഭാഗങ്ങളെ, പാർശ്വവത്കൃത ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളെ കേന്ദ്രപ്രമേയം ആകുന്ന പുതിയൊരു രാഷ്ട്രീയമാണ് യാഥാർത്ഥത്തിൽ രൂപപ്പെടേണ്ടത്.

**മൂലധനവുമായി ബന്ധപ്പെട്ട ഒരു നിർവചനം അത് സ്വതന്ത്രമാണെന്നും തുറന്ന ഒന്നാണെന്നും മാർക്കറ്റിന്റെ മത്സരമാണ് അതിനെ നിയന്ത്രിക്കുന്നത് എന്നൊക്കെയാണല്ലോ. പക്ഷെ ഇന്ന് നോക്കുമ്പോൾ രാഷ്ട്രീയ പാർട്ടികളും കോർപ്പറേറ്റുകളും മാഫിയകളും മാദ്ധ്യമങ്ങളും ചേർന്ന് ഒരു അവിശുദ്ധ കൂടുകെട്ടായി ആണ് അത് നിലനില്ക്കുന്നത്. മധ്യയേന്ത്യയിലെ ആദിവാസി മേഖലകളിലെ മൈനിംഗ് ഉൾപ്പെടെ നിരവധി ഉദാഹരങ്ങൾ ഇന്ത്യയിൽ നമ്മുക്ക് എടുക്കാൻ കഴിയും. കേരളത്തിൽ പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനി മുതൽ വിഴിഞ്ഞത്ത് അദാനി വരെ തദ്ദേശീയരായ അടിസ്ഥാന ജനവിഭാഗങ്ങളുടെ ആവാസവ്യവസ്ഥയും വിഭവങ്ങളും ആണ് തകർക്കുന്നത്. ഈ ക്രോണി ക്യാപറ്റലിസം പാർശ്വവല്കൃതരെ കൂടുതൽ, കൂടുതൽ പുറംന്തള്ളുകയല്ലേ ചെയ്യുന്നത് ? ഇതിനെ എങ്ങനെയാണ് മറികടക്കാൻ കഴിയുക ?**

മൂലധനം വളരെ സ്വതന്ത്രമാണെന്നും അതിന് അതിന്റേതായ യുക്തിയുണ്ടെന്നും ആ യുക്തിയെ പ്രമോട്ട് ചെയ്യുന്നത് ലാഭേച്ഛയാണെന്നും ആ നിലയ്ക്കു അത് സ്വതന്ത്രമായി സഞ്ചരിച്ചുകൊണ്ടിരിക്കുമെന്നുമാണ് മൂലധനത്തെ സംബന്ധിച്ച ഒരു ക്ലാസിക് സങ്കല്പം. ആ വാദമാണ് ഇപ്പോൾ പൊളിയുന്നത്. ഇന്ത്യയിൽ മൂലധനം എന്ന് പറയുന്നത് സ്റ്റേറ്റും, ഉന്നത ഡിപ്ലോമാറ്റുകളും, വൻകിട വ്യവസായികളും ചേരുന്ന ഒരു കൂട്ടുകെട്ടിന്റെ കയ്യിലാണുള്ളത്. ഇവർ തമ്മിൽ അക്ഷരാർത്ഥത്തിൽ ഗൂഢാലോചനയാണ് നടക്കുന്നത്. മൂലധനം സ്വാഭാവികമായി വന്നുചേരുന്നതല്ല, സ്വാഭാവികമായി ഇരട്ടിക്കുന്നതുമല്ല. ഗൂഢാലോചനാപരമായ ഒരു സംവിധാനം ഈ മൂലധനത്തെ നിലനിർത്താനും സംരക്ഷിക്കാനും നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷം ഇന്ത്യയിലുണ്ട്. പതിനെട്ട്-പത്തൊമ്പത് നൂറ്റാണ്ടുകളിലെ മുതലാളിത്തത്തിന്റെ ഒരു സ്വഭാവഘടനയിൽ ഇന്നത്തെ മുതലാളിത്തത്തെ വിലയിരുത്താൻ പാടില്ല. കാരണം എന്തെന്നാൽ അന്ന് ഒരു തരം ചൂഷണം എന്നു പറയാവുന്ന തരത്തിൽ ആണെങ്കിൽ ഇന്ന് പരിപൂർണ്ണ എക്സ്ക്ലൂഷൻ എന്ന സംഗതിയിലേക്ക് പ്രവേശിച്ച് കഴിഞ്ഞു. തദ്ദേശീയ ജനങ്ങളെ അത് പരിപൂർണ്ണമായി എക്സ്ക്ലൂഡ് ചെയ്യുന്നു. അവരെ ഉൾക്കൊണ്ട്, അവരെ ചൂഷണം ചെയ്യുകയല്ല ചെയ്യുന്നത്. അവരെ ഉൾക്കൊള്ളുന്നതേയില്ല. അതാണ് മർമ്മപ്രധാനമായ വ്യത്യാസം. മുതലാളിത്തമുണ്ടാക്കിയ ഒരു പുതിയ മാർക്കറ്റിനകത്ത് ഇവർ ഒരു ഉപഭോക്താവായി പോലും വരേണ്ടതില്ല എന്നതാണ് ഒരു തീരുമാനം. അതിനുള്ള വാങ്ങൽശേഷി അവർക്കില്ല. പിന്നെ ഇവരുടെ വികസനപ്രവർത്തനത്തിന്റെ മർമ്മപ്രധാനമായ കാര്യമായ പ്രകൃതിവിഭവങ്ങളാണ് ഇന്നത്തെ ചൂഷണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉപാധി. ആ വിഭവങ്ങൾ കൈയ്യടക്കുന്നതിന്റെ ഭാഗമായി ഏറ്റവും കൂടുതൽ പുറത്താക്കപ്പെടുന്ന ഒരു വിഭാഗം ഈ പറയുന്ന ആദിവാസികളും ദളിതരും തദ്ദേശീയ ജനങ്ങളുമാണ്. മൂലധന ആധിപത്യം നിലനിൽക്കുന്ന ഇന്നത്തെ ഈ സാഹചര്യത്തിൽ അവിടെ നിന്ന് പരിപൂർണ്ണമായും പുറത്താക്കപ്പെടുകയും രാഷ്ട്രത്തിന്റെയും പൗരാവകാശത്തിന്റെയും മണ്ഡലത്തിൽ നിന്ന് പുറത്തുനിർത്തുകയും, സമ്പത്തിൽ നിന്ന് പുറത്തുനിർത്തുകയും ചെയ്യുന്ന വിഭാഗത്തെ ഉൾക്കൊള്ളുന്ന രാഷ്ട്രീയമാണ് നവ ജനാധിപത്യ രാഷ്ട്രീയം. എന്നുപറഞ്ഞാൽ തദ്ദേശീയ ജനവിഭാഗങ്ങളെ, പാർശ്വവത്കൃത ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളെ കേന്ദ്രപ്രമേയം ആകുന്ന പുതിയൊരു രാഷ്ട്രീയമാണ് യാഥാർത്ഥത്തിൽ രൂപപ്പെടേണ്ടത്. തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിന് ഒന്നും ചെയ്യാൻ പറ്റാത്തത്

തൊഴിലാളി വർഗ്ഗം ഈ അവിശുദ്ധ കൂട്ടുകെട്ടിനകത്തുള്ള ഒരു ഘടകമായതുകൊണ്ടാണ്. ഇന്ത്യൻ വ്യവസായിക തൊഴിലാളിവർഗ്ഗം എന്നു പറയുന്നത് ഹൈലി പെയ്ഡ് ആയ ഒരു തൊഴിലാളി വർഗ്ഗമാണ്. തൊണ്ണൂറുകളിൽ ഞാനൊക്കെ ജോലിയ്ക്ക് പ്രവേശിക്കുന്ന സമയത്ത് 1500-1600 രൂപയൊക്കെയാണ് ശമ്പളം. അത് വാങ്ങിയവരൊക്കെ ഇന്ന് ഒന്ന്, ഒന്നര ലക്ഷം രൂപയാണ് ശമ്പളം വാങ്ങുന്നത്. ഇത് ട്രേഡ് യൂണിയൻ എന്തെങ്കിലും ചെയ്തിട്ടാണ് എന്ന് ഞാൻ കരുതുന്നില്ല. മറിച്ച് ഈ മൂലധനത്തിന്റെ പങ്കുപറ്റുന്ന വിഭാഗമാക്കി തൊഴിലാളി വർഗ്ഗത്തെ ഗ്ലോബലൈസേഷൻ പരിവർത്തനപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് പഴയ തൊഴിൽ സമരങ്ങൾ ഇപ്പോൾ നടക്കാത്തത്. തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിൽ നമുക്ക് വിശ്വസിക്കാൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ തൊഴിലാളിവർഗ്ഗം ഈ അവിശുദ്ധ കൂട്ടുകെട്ടിന് അകത്തുള്ള ഒരു ഘടകമാണ്. എന്നാൽ ആദിവാസികൾ, ദളിതർ, മത്സ്യത്തൊഴിലാളികൾ എന്നൊക്കെ പറയുന്നവർ പുറംതള്ളപ്പെട്ട വിഭാഗങ്ങളാണ്. ഈ പുറംതള്ളപ്പെട്ട വിഭാഗങ്ങളുടെ രാഷ്ട്രീയ ആവശ്യങ്ങൾ കേന്ദ്ര പ്രമേയമാകുമ്പോഴാണ് അത് ഒരു നവ ജനാധിപത്യ രാഷ്ട്രീയത്തിലേക്ക് ഇന്ത്യയെ നയിക്കുക.

**കേരള വികസന മാതൃക വലിയ രീതിയിൽ കൊട്ടിഘോഷിക്കപ്പെട്ട ഒന്നായിരുന്നു. ഇന്ന് അത് പലകോണുകളിൽ നിന്നും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കുറേക്കാലം മുമ്പ് തിരുവനന്തപുരത്തെ 'റൈറ്റ്സ്' എന്ന സംഘടനയുടെ ഒരു പഠനത്തെ അടിസ്ഥാനപ്പെടുത്തി താങ്കളുടെ പുസ്തകത്തിൽ (ജനതയും ജനാധിപത്യവും) ഇത് വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ഇത്തരം പഠനങ്ങൾക്കപ്പുറം ചെങ്ങറയും അരിപ്പയും അടക്കമുള്ള ഭൂസമരങ്ങളും പെമ്പിളെ ഒരുമെ പോലെയുള്ള തൊഴിൽ സമരങ്ങളും കേരള മോഡലിന് വലിയ ആഘാതം ഏൽപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ആദിവാസികളും ദളിതരും മത്സ്യതൊഴിലാളികളും തോട്ടംതൊഴിലാളികളും മറ്റ് പിന്നോക്ക ജനവിഭാഗങ്ങളും ഈ വികസന മാതൃകയ്ക്ക് പുറത്താണെന്ന് കാണാൻ കഴിയും. എന്തുകൊണ്ടാണ് ഇത്ര വലിയ ഒരപാകത 'കേരള മോഡൽ വികസനം' എന്ന വിലയിരുത്തലിൽ കടന്നുകൂടിയത് ? വികസനത്തെ വിലയിരിത്തുന്നതിൽ കേരളത്തിലെ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ സ്വീകരിച്ച സാമൂഹിക വികസന സൂചികകൾ എന്തുകൊണ്ട് അപര്യാപ്തമായി? ക്ലാസിക്കൽ സമ്പദ്ശാസ്ത്രത്തിന്റെ വിശകലന രീതിയ്ക്ക് സാമുദായിക അവസ്ഥകളെ മനസ്സിലാക്കാൻ കഴിയാത്തതിന്റെ പ്രശ്നമാണോ ഇത് ?**

കേരള വികസന മോഡൽ എന്നത് ലോകമെങ്ങും ആഘോഷിച്ച ഒരു വികസന മാതൃകയായാണ് ആഘോഷിക്കുന്നത്. ഈ വികസന മോഡലിന്റെ ഉള്ളിൽ യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചതെന്ന് വർഷങ്ങൾക്കു ശേഷമാണ് പുറത്തുവരുന്നത്. മാർക്സിസ്റ്റ് സൈദ്ധാന്തികരാണ് കേരള മോഡൽ വികസനത്തിന്റെ വക്താക്കളായി രംഗത്തുവന്നത് എന്നതാണ് പ്രധാനകാര്യം. മാർക്സിസത്തെ മുൻനിർത്തിയുള്ള സാമൂഹിക വിശകലനങ്ങളിൽ പരിഗണിക്കാൻ കഴിയാത്ത ഒരു കാര്യമാണ് സാമുദായികത. ഇതാണ് അതിന്റെ അടിസ്ഥാന പ്രശ്നം. താത്വികമായ പ്രശ്നമാണത്. മാർക്സിസ്റ്റുകൾക്ക് സാമുദായികതയെ മനസ്സിലാക്കാൻ കഴിയില്ല. സാമ്പത്തികവർഗ്ഗങ്ങളുടെ യുക്തിയിലാണ് അവർ എല്ലാ കാര്യങ്ങളും വിശകലനം ചെയ്യുന്നത്. സാമ്പത്തിക വർഗ്ഗങ്ങൾ എന്ന ആ യുക്തിയ്ക്ക് വെളിയിലാണ് സാമുദായികത പ്രവർത്തനക്ഷമമാവുന്നത്. അത് വളരെ ശക്തമായി നമ്മുടെ സമ്പദ്ഘടനയെ പോലും രൂപപ്പെടുത്തുന്ന ഒന്നാണ്. അയിത്തം എന്നത് ഒരു മനുഷ്യന് മറ്റൊരു മനുഷ്യനോട് കാണിക്കുന്ന വിവേചനം എന്നതിനപ്പുറം സക്രിയമായ മണ്ഡലത്തിലേക്കുള്ള പ്രവേശനമില്ലായ്മ കൂടിയാണത്. എന്നു പറഞ്ഞാൽ മാർക്കറ്റിലേക്ക് കൂടിയുള്ള പ്രവേശനമില്ലായ്മയാണ്. കിളിമാനൂർ ചന്തയിൽ പുല്ലു ചെത്തിക്കൊണ്ടു ചെന്നാൽ തലയിൽ വച്ചു തന്നെ വിൽക്കണം. താഴെ വയ്ക്കാൻ അവകാശമില്ല. അങ്ങനെ നിന്നുകൊണ്ടാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ദളിതർ ചന്തയിലേയ്ക്ക് പ്രവേശിക്കുന്നത്. ഇത് അവസാനിപ്പിക്കുന്നത് അയ്യങ്കാളിയുടെ നേതൃത്വത്തിൽ വലിയ സമരങ്ങൾ നടന്നിട്ടാണ്. പുല്ല് താഴെ വെച്ച് വിൽക്കാനുള്ള അവകാശത്തിനുവേണ്ടി വലിയ യുദ്ധങ്ങൾ നടന്ന സ്ഥലമാണ് കേരളം. അത്രയും സങ്കീർണ്ണമായാണ് ജാതി പ്രവർത്തിക്കുന്നത്. ഇതൊരിക്കലും മാർക്സിസ്റ്റുകൾക്ക് മനസ്സിലായിട്ടേയില്ല.

കേരള മോഡൽ വികസനം ഇന്ത്യയ്ക്ക് മാത്രമല്ല മൂന്നാംലോക രാജ്യങ്ങൾക്ക് മുഴുവൻ മാതൃകയാക്കാവുന്ന സാമ്പത്തിക വികസന മോഡലാണ് എന്നൊരു വാദം എഴുപതുകളിലാണ് രൂപംകൊള്ളുന്നത്. സാമ്പത്തിക മണ്ഡലത്തിനകത്ത് സക്രിയമായ വലിയ മുന്നേറ്റങ്ങളൊന്നും ഇല്ലെങ്കിലും സാമൂഹിക ജീവിതത്തിന്റെ സൂചികൾ എടുക്കുമ്പോൾ യൂറോപ്യൻ ജീവിതരീതിയ്ക്ക് സമാനമായ സ്ഥിതിയിൽ കേരളം വികസിച്ചിട്ടുണ്ട് എന്നതായിരുന്നു ആ വാദം. കേരളത്തിൽ കാണുന്ന സാമൂഹിക ജീവിതത്തിന്റെ സൂചികകൾ ഉയർന്ന് നില്ക്കുന്നത് നമ്മൾ വിചാരിക്കുന്നതുപോലെ ഒരു പ്രത്യേക മോഡൽ വന്നതുകൊണ്ടല്ല. കേരളത്തിന്റെ കീഴ്ത്തട്ടിൽ നടന്ന നവോത്ഥാന പ്രക്രിയയുടെ അനന്തരഫലമാണത്. അതിനകത്ത് ഈ പാർട്ടികൾക്കൊന്നും യാതൊരു പങ്കുമില്ല. കമ്യൂണിസ്റ്റ് പാർട്ടി ഏറ്റവും ശക്തമായിരുന്ന ആന്ധ്രയിലെ കുഗ്രാമങ്ങൾ ഇപ്പോഴൊന്ന് സന്ദർശിക്കണം. അവിടുത്തെ മനുഷ്യർ കന്നുകാലികൾക്കൊപ്പവും പന്നികൾക്കൊപ്പവും ഒരേ കുളത്തിൽ കുളിക്കുന്ന കാഴ്ച നമുക്ക് കാണാം. കേരളത്തിന്റെ വൃത്തിയും ശുദ്ധിയും വിദ്യാഭ്യാസം ചെയ്യുവാനുള്ള പ്രചോദനവും, ആരോഗ്യസംരക്ഷണവുമൊക്കെ രൂപപ്പെടുന്നത് നവോത്ഥാനത്തിന്റെ ബാക്കിപത്രം എന്ന നിലയ്ക്കാണ്. പൊയ്കയിൽ അപ്പച്ചൻ കുട്ടികളെ കുളിപ്പിച്ചിട്ടുള്ള, പാത്രം കഴുകി കമിഴ്ത്തിവെച്ചിട്ടുള്ള, എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് സ്വന്തം അനുയായികളോട് പറഞ്ഞ, ശുഭ്രവസ്ത്രമേ ധരിക്കാവൂ എന്നും, ചീത്ത ഭക്ഷണം കഴിക്കരുത് എന്നും പഠിപ്പിച്ച ഒരു സാമൂഹിക പരിഷ്കർത്താവാണ്. ഇങ്ങനെ മനുഷ്യന്റെ സൂക്ഷ്മതലത്തിൽ ഇടപെട്ട ഒരു സാമൂഹിക നവോത്ഥാനത്തിന്റെ ബാക്കിപത്രമാണ് കേരളത്തിന്റെ നേട്ടങ്ങളെല്ലാം. ഇത് ചൂണ്ടിക്കാണിച്ചിട്ടാണ് ഒരു കേരള മോഡൽ സംഭവിച്ചിരിക്കുന്നു എന്നവർ പറയുന്നത്. അതാണ് കേരള മോഡലിന്റെ ആദ്യത്തെ വിടവ്.

കേരളത്തിന്റെ സർവീസ് മേഖല വല്ലാതെ വളരുന്നുണ്ടായിരുന്നു. ഇത് വളരുവാനുള്ള കാരണം ആ മേഖല

യിൽ വന്ന നിക്ഷേപമായിരുന്നു. ആ നിക്ഷേപം നടത്തിയത് സ്റ്റേറ്റ് ആയിരുന്നില്ല. മറിച്ച് കമ്യൂണിറ്റി ആയിരുന്നു. അതിനും കൊളോണിയൽ കാലഘട്ടം വരെ ചരിത്രമുണ്ടെന്ന് നമ്മളറിയണം. 1938 ലാണ് തിരുവനന്തപുരം മഹാരാജാസ് സ്കൂളിന് തറക്കല്ലിടുന്നത്. അതിന് കൊല്ലത്ത് ഒരു ശാഖയുമുണ്ട്. ഇതല്ലാതെ തിരുവിതാംകൂർ സ്റ്റേറ്റിന് വിദ്യാഭ്യാസവുമായി നേരിട്ട് യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. പക്ഷെ നമ്മൾ അറിയേണ്ട ഒരു കാര്യം 1816ൽ തന്നെ സി.എം.എസ് മിഷണറിമാർ കേരളത്തില് കോളേജ് സ്ഥാപിച്ചു. കോട്ടയം സി.എം.എസ് കോളേജ്. മിഷണറിമാർ കോളേജ് സ്ഥാപിച്ചതിന് എത്രയോ ശേഷമാണ് ഇവിടെ സ്റ്റേറ്റ് ഏജൻസി വിദ്യാഭ്യാസ മേഖലയിലേക്ക് കടക്കുന്നത്. ഇതാണ് വിദ്യാഭ്യാസത്തിന്റെ പിന്നിലുള്ള വസ്തുത. കേരള മോഡൽ വികസനത്തെ ഉയർത്തിക്കാണിക്കുന്നവർ കമ്യൂണിറ്റി നിക്ഷേപങ്ങളുമായുള്ള ഇതിന്റെ ബന്ധം ഒരിക്കൽപ്പോലും പരിശോധിച്ചിട്ടില്ല.

മൂന്നാമതായി, കേരളത്തിന്റെ ഭൂബന്ധങ്ങളിൽ അടിസ്ഥാനപരമായി സ്വാധീനം ചെലുത്തുന്ന ഒരു കാര്യമാണ് ജാതി. അതായത് കേരളത്തിൽ ഒരാൾ ജന്മി ആയിരിക്കുന്നത് അയാൾ സവിശേഷമായ ഒരു ജാതിയിൽ ഉൾപ്പെടുന്നതുകൊണ്ടാണ്. അതിലും കുറഞ്ഞ ജാതിയിൽപ്പെട്ട ഒരാൾക്ക് ഒരിക്കലും ഒരു ജന്മി ആകാൻ പറ്റില്ല. അത് ജാതി വ്യവസ്ഥ അനുവദിക്കുന്നില്ല. ഒരാൾ ഒരു അടിയാളനായിരിക്കുന്നത് ജാതീയമായ നിലകൊണ്ടാണ്. ഒരു നമ്പൂതിരി, അവനെത്ര ദരിദ്രനായാലും അടിയാളനാകാൻ കഴിയില്ല. 2001 ൽ ആദിവാസികൾ തങ്ങൾക്ക് ഭൂമി വേണമെന്ന് പറയുന്നതുവരെ കേരളത്തിൽ ഭൂരഹിതരുടെ ഒരു പ്രസ്ഥാനം ഉണ്ടായിട്ടില്ല. കേരളത്തിൽ ഭൂമി ഉള്ളവരുടെ പ്രസ്ഥാനം ഉണ്ടായിരുന്നു. കേരളത്തിലെ കർഷക പ്രസ്ഥാനം എന്നു പറയുന്നത് ഭൂമിയുള്ളവരുടെ പ്രസ്ഥാനമായിരുന്നു. കർഷകത്തൊഴിലാളി പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം കൂലിയായിരുന്നു; ഭൂമിയായിരുന്നില്ല. ഭൂ ഉടമസ്ഥയുമായി ബന്ധപ്പെട്ട് അടിമത്വസമാനമായിട്ടുള്ള കാർഷിക അടിമത്വം നിലനിന്നിരുന്ന ഒരു സ്ഥലത്ത് ഭൂപരിഷ്കരണം നടപ്പിലാകുമ്പോൾ ആ വിഭാഗങ്ങൾക്ക് കൂടി ഭൂമി കിട്ടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്ന ഒരു നിയമസംരക്ഷണവും അതിൽ ഉണ്ടായിരുന്നില്ല എന്നതാണ് പഠിക്കേണ്ട പ്രധാനപ്പെട്ടൊരു വസ്തുത. ആ നിയമത്തിന്റെ പരിമിതിയും അതാണ്. എന്നു പറഞ്ഞാൽ ജാതിയെ പ്രധാനപ്പെട്ട ഒരു സോഷ്യൽ കാറ്റഗറിയായി അവർ പരിഗണിച്ചില്ല. മറിച്ച് കർഷകൻ, പാട്ടക്കാരൻ, വാരക്കാരൻ ഈ കാറ്റഗറി ഉപയോഗിച്ചാണ് അവർ ഭൂമി തരംതിരിച്ചത്. പാട്ടക്കാരനും വാരക്കാരനും ഭൂമി ലഭിച്ചു എന്നാണ് അവർ പറയുന്നത്. 15 ലക്ഷം കുടുംബങ്ങൾക്ക് ഭൂമി കിട്ടി എന്നാണ് കണക്ക്. അത് വാരക്കാരും പാട്ടക്കാരും ആയിരുന്നു. ഈ വാരക്കാരും പാട്ടക്കാരും മധ്യമ ജാതികളായിരുന്നു എന്ന് അവർക്ക് മനസ്സിലാക്കാതെ പോയി. ദളിതർക്കും ആദിവാസികൾക്കും ഭൂമി കിട്ടിയില്ല എന്നത് ഒരു പ്രശ്നമായിട്ടുപോലും എഴുപതുകളിൽ ഈ ബുദ്ധിജീവികൾക്ക് തോന്നിയില്ല. മറിച്ച് 15 ലക്ഷം ആളുകൾക്ക് ഭൂമി കൊടുത്തു എന്ന് ഇവർ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. ഇങ്ങനെ ഭൂ ഉടമസ്ഥതയിൽ നിന്നും നിയമപരമായി ദളിതരെ പുറത്തുനിർത്തിയ ഒരു നിയമമാണ് കേരള മോഡൽ ഭൂപരിഷ്കരണം എന്ന് പറയുന്നത്. പത്തുസെന്റിലേക്കും, അഞ്ചുസെന്റിലേക്കും അവരെ മാറ്റുകയാണ്. പിന്നെ ഭൂമി ചോദിക്കുവാൻ സാധിക്കില്ല. അവർ കർഷകത്തൊഴിലാളികളായി മാറി. കർഷകത്തൊഴിലാളി രൂപം കൊള്ളേണ്ടത് ഒരു കർഷക മുതലാളിത്തം നിലനില്ക്കുമ്പോഴാണ്. കേരളത്തിൽ ഒരു കാലത്തും ഒരു കാർഷിക മുതലാളിത്തം ഉണ്ടായിരുന്നില്ല. ചെറിയ ഭൂഉടമകളായിരുന്നു ഉണ്ടായിരുന്നത്. പ്രത്യേകിച്ച് ഈ ഇടനാട്ടിൽ. മലനാട്ടിൽ 'തോട്ടം' വ്യവസായത്തിനാണ് പരിഗണന ലഭിച്ചത്. തീരപ്രദേശത്തും തീരപ്രദേശത്തോട് ചേർന്നുകിടക്കുന്ന ഇടനാട്ടിലുമാണ് കൃഷി നടക്കുന്നത്. ആ കൃഷിഭൂമി നോക്കിയാൽ ചെറിയ ചെറിയ തുണ്ടു ഭൂമികളാണ്. ഒരേക്കർ, രണ്ടേക്കർ കൈവശം വെച്ചവർ. ഇവരാരും കാർഷിക മുതലാളിത്തത്തിന്റെ ഒരു സാധനവും യഥാർത്ഥത്തിൽ ഉപയോഗിച്ചിട്ടില്ല. 1980വരെയെങ്കിലും പോത്തിനെ ഉപയോഗിച്ചാണ് നിലം ഉഴുതുകൊണ്ടിരുന്നത്. നാട്ടിൻപുറത്ത് ഇപ്പോഴും പോത്തിനെ ഉപയോഗിച്ച് നിലം ഉഴുതുന്ന സമ്പ്രദായമുണ്ട്. വളരെ പ്രിമിറ്റീവ് ആയ ഒരു മെക്കാനിസമാണിത്. എഴുപതുകളിൽ ട്രാക്ടർ കൊണ്ടുവരുമ്പോൾ അതിനെ കത്തിച്ചുകൊണ്ടാണ് കമ്യൂണിസ്റ്റ് പാർട്ടി പ്രതിരോധിക്കുന്നത്. യഥാർത്ഥത്തിൽ കാർഷിക മുതലാളിത്തത്തിലേക്കുള്ള പ്രവേശനത്തെ തടയുകയാണ് കമ്യൂണിസ്റ്റ് പാർട്ടി ചെയ്തത്. 'കാർഷിക മുതലാളിത്തം' ഇല്ലാത്തിടത്ത് എങ്ങനെ കർഷകത്തൊഴിലാളികൾ ഉണ്ടായി എന്ന ചോദ്യമാണ് ഇതിലെ ജാതി. ഈ കർഷകത്തൊഴിലാളികളെ അക്കമഡേറ്റ് ചെയ്യുന്നതിനുവേണ്ടിയാണ് 29,000 ഓളം ദളിത് കോളനികൾ കേരളത്തിൽ ഉണ്ടാക്കുന്നത്. കർഷകത്തൊഴിലാളി എന്ന് പറയുന്ന വിഭാഗം സവിശേഷമായ ഒരു ജാതിക്കൂട്ടമാണ് എന്ന കാര്യം ഇവരുടെ പരിഗണനയിൽ വരുന്നില്ല. ഇന്ത്യയിലെ ഭൂഉടമകൾ പ്രത്യേക ജാതിക്കൂട്ടമാണ് എന്ന കാര്യം ഇവരുടെ പരിഗണനയിൽ വരുന്നില്ല. അതുകൊണ്ടാണ് എയിഡഡ് മേഖലയിലുള്ള-അതും നമ്മുടെ വിദ്യാഭ്യാസത്തിന്റെ ബാക്കിപത്രമാണ്-ഒരു എൻ.എസ്.എസ് കോളേജിലേക്ക് ചെന്ന് അവിടുത്തെ അദ്ധ്യാപക- അനദ്ധ്യാപകരെ എല്ലാം വിളിച്ചുചേർത്താൽ ഒരു നായർ കൂട്ടത്തെയാണ് നമ്മൾ കാണുന്നത്. അതിൽ ഒരു അസ്വാഭാവികതയും നമുക്കില്ല. പാല സെന്റ് തോമസ് കോളേജിൽ ചെന്ന് അവിടുത്തെ എല്ലാ അദ്ധ്യാപക-അനദ്ധ്യാപകരേയും വിളിച്ച് പേരു ചോദിച്ചാൽ മുഴുവൻ സുറിയാനി ക്രിസ്ത്യാനികൾ ആയിരിക്കും. ഇത് സർക്കാർ ഫണ്ട് കൊടുത്ത് നിലനിർത്തുന്ന ജാതിയാണ്. കേരള മോഡൽ വികസനം എന്നു പറയുന്നതിന്റെ അടിത്തട്ട് എന്താണെന്ന് പോലും പരിശോധിക്കാതെ, കേരളം കമ്യൂണിസ്റ്റുകാരാൽ വിമോചിക്കപ്പെട്ടു എന്നൊരു പ്രതീതി നിലനിർത്താനുള്ള വ്യാജമായ പ്രചരണം മാത്രമായിരുന്നു കേരള മോഡൽ വികസനം. കേരള മോഡൽ വികസനത്തിനെതിരെ പല രീതിയിൽ വിമർശനം ഉണ്ടായിട്ടുണ്ട്. ദളിതർ -ആദിവാസികൾ ഈ രണ്ട് വിഭാഗങ്ങൾ അതിനെ ചോദ്യം ചെയ്തപ്പോഴാണ് അതിന്റെ യഥാർത്ഥ പ്രകൃതം പുറത്തുവരുന്നത്. അതിനെ ചോദ്യം ചെയ്തുകൊണ്ട് ആദിവാസികളും ദളിതരും ഭൂസമരത്തിലേക്ക് കടക്കുന്നതോടെ കേരളത്തിലെ ഭൂവിതരണത്തിൽ ഉണ്ടായ സാമുദായിക അനീതി എന്തായിരുന്നു എന്നതിനുള്ള വളരെ വ്യക്തമായ ഉത്തരം പുറത്തുചാടുകയാണ്. ഇപ്പോൾ ആർക്കും കേരള

മോഡൽ പറഞ്ഞ് പരിപൂർണ്ണമായി സന്തോഷിക്കാൻ കഴിയുന്ന ഒരന്തരീക്ഷവും കേരളത്തിലില്ല. കേരള മോഡൽ വികസനം ആദിവാസികൾ, ദളിതർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ പാർശ്വവത്കൃതരെ പുറംതള്ളുക മാത്രമല്ല ഈ പുറംതള്ളൽ പ്രക്രിയയെത്തന്നെ മറച്ചുവെയ്ക്കുന്നതായിരുന്നു. ആ മറ അങ്ങോട്ട് മാറിയതോടെ ഇപ്പോൾ എന്താണ് കേരളത്തിൽ സംഭവിക്കുന്നതെന്ന് മലയാളികൾക്ക് മനസ്സിലാകുന്നുണ്ട്.

**ജാതിക്കോളനികൾ തുടച്ചുനീക്കുക എന്ന മുദ്രാവാക്യം താങ്കൾ ചെയർമാനായ ഭൂഅധികാര സംരക്ഷണ സമിതി മുന്നോട്ടുവയ്ക്കുന്നുണ്ടല്ലോ. പുതിയൊരു ഭൂ-വിഭവ ഉടമസ്ഥതയും സാമൂഹികപദവിയും ജീവിതാവസ്ഥയും ആണല്ലോ ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഏത് വിധത്തിലുള്ള പരിവർത്തനമായിരിക്കും കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ മണ്ഡലത്തിൽ അത് ഉണ്ടാക്കുന്നത്? അതുപോലെത്തന്നെ കേരളത്തിന്റെ പൊളിറ്റിക്കല് എക്കണോമിയെ എങ്ങനെയായിരിക്കും ഇത് പുനർനിർമ്മിക്കുന്നത് ?**

ജാതിക്കോളനികൾ തുടച്ചുനീക്കുക എന്നത് പൊളിറ്റിക്കൽ എക്കണോമിയുടെ റീസ്ട്രക്ചറിന്റെ മാത്രം പ്രശ്നമല്ല. തീർച്ചയായും കേരളത്തിന്റെ പൊളിറ്റിക്കൽ എക്കണോമി പുനർനിർമ്മിക്കേണ്ടിവരും. എന്നാൽ ജാതിക്കോളനികൾ തുടച്ചുനീക്കുക, ഇല്ലാതാക്കുക എന്നു പറയുന്നത് കേവലമായ ഭൂരഹിതമായ കോളനിവാസികൾക്ക് കുറച്ചു ഭൂമി കൊടുത്ത് താമസിപ്പിക്കുന്നതിന്റെ കാര്യമേയല്ല. അതിനപ്പുറം കേരളത്തിന്റെ ജനവിന്യാസരീതിയിലെ ജാതിയെ തുറന്നുകാണിക്കുക എന്നതാണ്. കേരളത്തിലെ മർമ്മ പ്രധാനമായ സ്ഥലങ്ങളെല്ലാം സവർണ്ണ സംഘടിത സമുദായങ്ങൾ കൈവശം വയ്ക്കുക, ദളിത് സെറ്റിൽമെന്റുകളെല്ലാം ഗ്രാമത്തിന്റെ ഓരങ്ങളിലേക്ക് (പാടം, വെള്ളക്കെട്ട്, മല, കുന്ന്) മാറിപ്പോവുക എന്നു പറയുന്നതിൽ തന്നെ ജാതീയമായ ഒരു ജനവിന്യാസരീതി കേരളത്തിലുണ്ട്. കേരളത്തിലെ ഓരോ നഗരങ്ങൾക്കകത്തും ബ്രാഹ്മണ കോളനികളുണ്ട്. അവിടെയൊന്നും ഒരു ദളിത് കോളനി നമുക്ക് കാണാൻ കഴിയില്ല. ഈ ജനവിന്യാസരീതി തന്നെ ജാതിയെ നിരന്തരം പുനരുല്പാദിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. ജാതിക്കോളനികൾ തുടച്ചുനീക്കുക എന്ന് പറയുമ്പോൾ വിഭവങ്ങൾക്ക് മേലുള്ള അധികാരം അവർക്ക് കിട്ടുന്നതിനൊപ്പം ജാതിയെ പുനരുൽപ്പാദിപ്പിക്കുന്ന ഈ ജനവിന്യാസരീതിയെ തന്നെ മാറ്റിയെഴുതപ്പെടും. സാമൂഹികമായ വലിയൊരു വിപ്ലവം ആയിരിക്കും അതിലൂടെ സംഭവിക്കുന്നത്. പൊളിറ്റിക്കൽ എക്കണോമിയിൽ നടത്തുന്ന തിരുത്ത് മാത്രമല്ലത്. പൊളിറ്റിക്കൽ എക്കണോമിയുടെ ഭാഗമായി മാത്രം കണ്ടാൽ കമ്യൂണിസ്റ്റുകാർ കാണുന്നതിൽ നിന്ന് വലിയ വ്യത്യാസം ഒന്നും അതിന് ഉണ്ടാകില്ല. കേരളത്തിന്റെ ജനവിന്യാസരീതിയിൽ അടിസ്ഥാനപരമായ ഒരു മാറ്റം ഉണ്ടാകുകയും വ്യത്യസ്ത സാമൂഹിക വിഭാഗങ്ങൾ ഒന്നുചേർന്നു ജീവിക്കുന്ന പുതിയൊരു ജനാധിപത്യ ജീവിത ഇടമായി കേരളത്തെ പുനർ നിർമ്മിക്കുകയും ചെയ്യുന്ന കാര്യമാണ് ജാതിക്കോളനികൾ ഇല്ലാതാക്കുക എന്ന മുദ്രാവാക്യത്തിനകത്തുള്ളത്.

**അട്ടപ്പാടിയിൽ മധുവിന്റെ വംശീയ കൊലപാതകത്തിന് ശേഷം താങ്കൾ നിരീക്ഷിക്കുന്നതുപോലെ വലിയൊരു രാഷ്ട്രീയ ഉണർവ് ആദിവാസികൾക്കിടയിൽ ഉണ്ടായിട്ടുണ്ട്. ഭരണകൂടത്താൽ വഞ്ചിതരായെന്ന നല്ല ബോധ്യം അവർക്കുണ്ട്. വിവരാവകാശ നിയമപ്രകാരം പ്രകാരം ലഭിച്ച കണക്കനുസരിച്ച് 2000 നും 2017 നും ഇടയ്ക്ക് സംസ്ഥാനത്ത് ചിലവാക്കിയ TSP/SCP ഫണ്ട് 20,062 കോടി രൂപയാണ്. എന്നിട്ടും ആദിവാസി ഊരുകളിൽ ഇപ്പോഴും പോഷക ആഹാരക്കുറവുകൊണ്ടും പട്ടിണി കൊണ്ടും മരണങ്ങൾ സംഭവിക്കുന്നു. ദളിത്-മത്സ്യത്തൊഴിലാളി തോട്ടംമേഖലയിലെയും സ്ഥിതി സമാനമാണ്. ഭരണസംവിധാനങ്ങളുടെ അപര്യാപ്തതയല്ലേ ഇതിലൂടെ വ്യക്തമാകുന്നത്?**

ആദിവാസികൾക്കിടയിലും ദളിതർക്കിടയിലും മത്സ്യത്തൊഴിലാളികൾക്കിടയിലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വികസനസമ്പ്രദായം ആരോട് ചോദിച്ചിട്ടാണ്, ആരൊക്കെ തീരുമാനിച്ചിട്ടാണ് രൂപപ്പെടുത്തിയത്. ആദിവാസികൾക്ക് വേണ്ടി ഫണ്ട് മാറ്റിവെയ്ക്കുന്നുണ്ട്. അത് ചിലവഴിക്കാൻ ചില സംവിധാനങ്ങളും നിലവിലുണ്ട്. ഇത് ആരോട് ചോദിച്ചിട്ടാണ്? ഇത്തരം ഒരു സംവിധാനം മതി എന്നതിന്റെ ഗ്രൗണ്ട് എന്താണ്? 1950കളിൽ അങ്ങനെ ഒരു തീരുമാനം എടുത്തതാണെങ്കിൽ 2018 ആകുമ്പോൾ അത് പുനഃപരിശോധിക്കുവാനുള്ള ഉത്തരവാദിത്തം സർക്കാരിനില്ലേ? പതിനായിരക്കണക്കിന് കോടി രൂപ ചിലവഴിച്ചിട്ടും ആദിവാസി ഊരുകളിൽ പട്ടിണിമരണം സംഭവിക്കുന്നുവെങ്കിൽ ഈ സംവിധാനത്തിന് എന്തെങ്കിലും തകരാറുണ്ടോ എന്ന് ചോദിക്കേണ്ടതല്ലേ? ഈ പോളിസി തിരുത്തപ്പെടണം. ആ പോളിസി തിരുത്തുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഗുണഭോക്താക്കളായ ജനവിഭാഗങ്ങളുടെ അഭിപ്രായം ആരായണം. ആദിവാസികളുടെ അഭിപ്രായം സ്റ്റേറ്റ് കേൾക്കണം. അവരുടെ അഭിപ്രായംകൂടി പരിഗണിച്ചുകൊണ്ടുള്ള വികസന സമ്പ്രദായം രൂപീകരിക്കുവാൻ ഒരു ജനാധിപത്യ ഭരണകൂടത്തിന് ഉത്തരവാദിത്തമുണ്ട്. ആദിവാസിമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്താണ് ചെയ്യേണ്ടത് എന്നതിനെ സംബന്ധിച്ച സ്റ്റേറ്റിന്റെയും ബ്യൂറോക്രസിയുടെയും സങ്കല്പങ്ങളും സംവിധാനങ്ങളും അപ്രസക്തമായിക്കഴിഞ്ഞു എന്നതാണ് അടിസ്ഥാനപരമായ പ്രശ്നം. അത് അപ്രസക്തമായ സ്ഥിതിക്ക് ഫലപ്രദമായ ഒരു സംവിധാനം നിർമ്മിക്കുക എന്നതാണ് ചെയ്യേണ്ടത്. ഈ സംവിധാനം നിർമ്മിക്കുമ്പോൾ വേണ്ട പ്രധാനപ്പെട്ട സംഗതി ആദിവാസികളുടെ അഭിപ്രായങ്ങളാണ്, ദളിതരുടെ അഭിപ്രായങ്ങളാണ്, മത്സ്യത്തൊഴിലാളികളുടെ അഭിപ്രായങ്ങളാണ്. അവരുടെ അഭിപ്രായങ്ങൾ കൂടി ഏറ്റെടുക്കുന്ന, അതിനെ മാനിക്കുന്ന പുതിയൊരു വികസന സങ്കൽപ്പം കേരളത്തിൽ ഉണ്ടായി വന്നേ പറ്റൂ. അതിന് ഒരു സായുധ വിപ്ലവം നടത്തേണ്ട കാര്യമില്ല. കേരളത്തിലെ ആദിവാസികൾക്ക് വേണ്ടി നീക്കിവയ്ക്കുന്ന പത്തു കോടി രൂപ അത് അട്ടപ്പാടിയിൽ എത്തിച്ചേരുന്നുണ്ടോ എന്നറിയുവാൻ എന്ത് സംവിധാനമാണ് നമുക്കുള്ളത്. അത് ആദിവാസികളുടെ വികസനത്തിന് ഉപകാരപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് അറിയാൻ ഒരു സംവിധാനം വേണം. ഉദ്യോഗസ്ഥരും, കോൺട്രാക്ടർമാരും അടങ്ങുന്ന ഒരു ലോബിയാണ് ഇത് കൈകാര്യം ചെയ്യുന്നത്. ആ ലോബിക്ക് പുറത്ത് പുതിയൊരു സംവിധാനം ഉണ്ടാക്കിയെടുക്കണം.

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി കൊടു

ത്ത ഫണ്ടും വിനിയോഗരീതിയും സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകുന്ന കാര്യം ഇത് പൗരന്മാർക്കല്ല, പ്രജകൾക്കാണ് കൊടുക്കുന്നത് എന്നതാണ്. പ്രജകളായാണ് ഇവരെ പരിഗണിക്കുന്നത്. പൗരന്മാർ എന്ന നിലയിൽ ആദിവാസികളുടെയും ദളിതരുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നം നമ്മൾ അഡ്രസ്സ് ചെയ്യാൻ തുടങ്ങിയാൽ ഇത്തരത്തിലുള്ള ഒരു വികസനം-പതിനായിരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക, ആയിരം തെങ്ങിൻ തൈ വിതരണം ചെയ്യുക-ഭാവനയിലേക്ക് വരില്ല. പത്തുകോടി രൂപ ചെലവഴിക്കണമെങ്കിൽ പത്ത് ലക്ഷം ഗുണഭോക്താക്കൾ വേണമെന്ന ഒരു തലതിരിഞ്ഞ ഒരു വികസന സങ്കൽപ്പമാണ് നമുക്കുള്ളത്. അതാ, പത്തുലക്ഷം പേർക്ക് 100 രൂപ വീതം കൊടുത്ത് ഞങ്ങൾ സഹായിച്ചു എന്നൊരു ലോജിക്കാണ് സ്റ്റേറ്റിനുള്ളത്. ഈ ജനവിഭാഗങ്ങളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള ജീവിതത്തെ സുസ്ഥിരമാക്കാൻ കഴിയുന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത്.

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി കൊടുത്ത ഫണ്ടും വിനിയോഗരീതിയും സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകുന്ന കാര്യം ഇത് പൗരന്മാർക്കല്ല, പ്രജകൾക്കാണ് കൊടുക്കുന്നത് എന്നതാണ്. പ്രജകളായാണ് ഇവരെ പരിഗണിക്കുന്നത്. പൗരന്മാർ എന്ന നിലയിൽ ആദിവാസികളുടെയും ദളിതരുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നം നമ്മൾ അഡ്രസ്സ് ചെയ്യാൻ തുടങ്ങിയാൽ ഇത്തരത്തിലുള്ള ഒരു വികസനം ഭാവനയിലേക്ക് വരില്ല.

ചെങ്ങറയിൽ 350ഓളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ആ കുടുംബങ്ങൾക്ക് റേഷൻ കാർഡ് പോലും നൽകാതെ പീഡിപ്പിക്കുവാനാണ് സ്റ്റേറ്റ് ശ്രമിക്കുന്നത്. മറിച്ച് ഈ പട്ടികജാതി ഫണ്ട് ഉപയോഗിച്ച് ചെങ്ങറ ഒരു റസിഡെൻഷ്യൽ ഏരിയ ആയി പ്രഖ്യാപിക്കണം. അരിപ്പയിലും ആളുകൾ ജീവിക്കുന്നുണ്ടല്ലോ. ഫണ്ട് ഉപയോഗിച്ച് അവരുടെ പുനരധിവാസം ഉറപ്പിക്കുകയല്ലേ സ്റ്റേറ്റ് ചെയ്യേണ്ടത്. മറിച്ച് അവരെ ശത്രുക്കളായി പ്രഖ്യാപിക്കുക, അവർക്കെതിരെ യുദ്ധം ചെയ്യുക എന്നതാണ് സ്റ്റേറ്റ് ചെയ്യുന്ന കാര്യം. പൊതുസമൂഹവുമായി അന്തസ്സാർന്ന ഒരു ബന്ധത്തിൽ നിലനിൽക്കാൻ കഴിയുന്ന, പ്രാപ്തമാക്കുന്ന ഭൗതികമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്നത് മാത്രമാണ് വികസനം എന്നതുകൊണ്ട് കാംക്ഷിക്കേണ്ടത്. അതിനപ്പുറത്ത് ആദിവാസികളെ, മത്സ്യത്തൊഴിലാളികളെ, ദളിതരെ മുഴുവൻ നമ്മളെപ്പോലെ ആക്കുക. നമ്മൾ ഒരു യൂണിവേഴ്സൽ മെഷർ ആയി ഇങ്ങനെ നിൽക്കുക തുടങ്ങിയ സങ്കല്പങ്ങൾ കൈയൊഴിയേണ്ടതുണ്ട്. ഇപ്പോഴത്തെ വികസനസങ്കൽപ്പവും അതിന്റെ സംവിധാനവും പൊളിച്ചെഴുതേണ്ടതുണ്ട്. ഒരു സായുധ വിപ്ലവം ഇല്ലാതെ തന്നെ പൊളിച്ചെഴുത്ത് സാധ്യമാണ്. ചില വൻകിട സാമ്പത്തിക ശക്തികളിൽ നിന്ന് സ്റ്റേറ്റിനെ മോചിപ്പിക്കുകയാണ് പ്രധാനപ്പെട്ട കാര്യം. അട്ടപ്പാടിയിലേക്ക് പോകുന്ന ഫണ്ട് തട്ടിയെടുക്കുന്ന വലിയൊരു സാമ്പത്തിക ശക്തിയുണ്ട്. ബ്യൂറോക്രാറ്റുകൾ ഉണ്ട്, രാഷ്ട്രീയക്കാരുണ്ട്, എല്ലാ വിഭാഗങ്ങളുമുണ്ട്. ആ വിഭാഗങ്ങളിൽ നിന്ന് അതിനെ മോചിപ്പിക്കുക എന്നതുകൂടിയാകണം വികസനം എന്നതിന്റെ ലക്ഷ്യം.

**സ്വത്വ രാഷ്ട്രീയം (Identity Politics) മൂലധനത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും അജണ്ടയാണെന്നും അത് ന്യൂനീകരിക്കപ്പെട്ടതും ചില കൊടുക്കൽ വാങ്ങലുകൾക്കപ്പുറത്തേക്ക് വികസിതമല്ലെന്നും ഇടതുപക്ഷവും പൊതുവിൽ ചിലരും ആരോപിക്കുന്നുണ്ടല്ലോ. സ്വത്വരാഷ്ട്രീയത്തെ ജനാധിപത്യത്തിന്റെ വികസിതരൂപമായി എന്തുകൊണ്ടാണ് ഇടതുപക്ഷത്തിന് കാണാൻ കഴിയാത്തത് ?**

സ്വത്വരാഷ്ട്രീയവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകൾ പിന്തുടർന്നാൽ മനസ്സിലാകുന്ന ഒരു കാര്യം സ്വത്വരാഷ്ട്രീയത്തെ വിമർശിക്കുന്നവർ ആദ്യം സ്വത്വരാഷ്ട്രീയത്തെ അങ്ങ് വിശദീകരിക്കും. സ്വത്വരാഷ്ട്രീയം സത്താവാദപരവും (ontological) അടഞ്ഞതും (closed), സ്ഥായിയായതും (permenant) ആണ്. അതിന് മറ്റുള്ള സമൂഹങ്ങളുമായി സംവദിക്കുവാനുള്ള തുറവിയില്ല. ഇത്തരത്തിൽ കുറേ സവിശേഷതകൾ, സ്വത്വരാഷ്ട്രീയത്തിന്റേത് ആണെന്നു അവർ കരുതുന്ന കാര്യങ്ങളെ പറഞ്ഞിട്ട് അതിനെയാണ് വിശദീകരിക്കുന്നത്. എന്റെയൊക്കെ മേലുള്ള ആരോപണം ഞാൻ സ്വത്വരാഷ്ട്രീയത്തിന്റെ ആളാണെന്നുള്ളതാണ്. ഞാനത് നിഷേധിക്കുന്നുമില്ല. പക്ഷെ, ഇവർ പറയുന്ന സ്വത്വരാഷ്ട്രീയം അല്ല ഞാൻ പറയുന്നത്. ചരിത്രപരമായി പുറംതള്ളപ്പെട്ട ഒരു ജനവിഭാഗം ചരിത്രപരമായിത്തന്നെ കൈവരിച്ച ഒരു അവബോധമാണ് സ്വത്വം എന്ന് പറയുന്നത്. ആ അവബോധത്തിൽ നിന്ന് ലോകത്തോട് സംസാരിക്കുകയാണ് ചെയ്യുന്നത്. അവർ പരസ്പരം അല്ല സംസാരിക്കുന്നത്. അതുകൊണ്ടുതന്നെ സ്വത്വരാഷട്രീയം സത്താവാദപരമാണെന്ന് പറയുന്നത് ഒരിക്കലും ശരിയല്ല. ഈ സത്താവാദത്തെ തന്നെ ഒന്ന് പരിശോധിക്കേണ്ടതുണ്ട്. ജീവിതാനുഭവത്തെ (living experience), മൂർത്തമായി നമ്മൾ ജീവിക്കുന്ന എല്ലാ ജീവിതാനുഭവത്തെയും വിവർത്തനം ചെയ്യാൻ കഴിയുകയില്ല. ദാരിദ്ര്യം വിവർത്തനം ചെയ്യാൻ കഴിയുമായിരിക്കും. പക്ഷെ തൊട്ടുകൂടായ്മ കഴിയുകയില്ല. അയിത്തം അയിത്തജാതിക്കാരെ മാത്രം തേടിവരുന്ന ഒന്നാണ്. അത് വേറെ ഒരാൾക്കും കിട്ടുകയില്ല. അതിനെ കുറിച്ച് പാർശ്വവല്കൃതർ പറയുമ്പോൾ 'എന്തോ കുഴപ്പമുണ്ട്' എന്നു പറയുന്നത് എന്തിനാണ്? തൊട്ടുകൂടായ്മ എന്ന സ്ഥാപനത്തെ സാമൂഹ്യശാസ്ത്രപരമായി പരിശോധിച്ച്, അത് എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കുന്നതിന് പകരം ഇതെല്ലാവർക്കും പറയാവുന്ന ഒരു കാര്യമാണെന്ന് വാശിപിടിക്കരുത്. ഒരാൾക്ക് ഗ്രാമീണമായ അനുഭവം വേണമെങ്കിൽ അയാൾ പത്തുദിവസം ഗ്രാമത്തില് പോയി താമസിച്ചാൽ അയാൾക്ക് കിട്ടും. ഇനി പട്ടിണിയുടെ അനുഭവം വേണമെങ്കിൽ ബോധപൂർവ്വം ഭക്ഷണം ഉപേക്ഷിച്ച് ജീവിച്ചാൽ പിടികിട്ടും. പക്ഷെ തൊട്ടുകൂടായ്മ ആർക്കും പിടികിട്ടത്തില്ല. അയാൾക്ക് ആ അനുഭവം വന്നുചേരില്ല. ഇ

ത് ദളിതരുടെ കുഴപ്പമല്ല. തൊട്ടുകൂടായ്മ എന്ന പ്രാക്ടീസിന്റെ പ്രശ്നമാണ്. അത്രമാത്രം റിജിഡ് ആയിട്ട്, ചില പ്രത്യേക മനുഷ്യശരീരങ്ങളെ മാത്രം അനുഭവിപ്പിക്കുന്ന ഒരു സാമൂഹിക സ്ഥാപനമായിട്ടാണ് അത് നിലനിൽക്കുന്നത്. ആധുനിക ജനാധിപത്യം മുന്നോട്ടുവെച്ച ഒരു പൊളിറ്റിക്കൽ പ്രോജക്ട് ഉണ്ടായിരുന്നു. എല്ലാ ജനങ്ങൾക്കും നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം ഉറപ്പുവരുത്തുന്ന വലിയൊരു വാഗ്ദാനമാണ് ലോകത്തിനു മുന്നിൽ ജനാധിപത്യം മുന്നോട്ടുവച്ചത്. പക്ഷെ അത് രണ്ടുമൂന്നു ദശകങ്ങൾ അത് പ്രാക്ടീസ് ചെയ്തുകഴിഞ്ഞപ്പോൾ ലോകത്തിന് മനസ്സിലായി വലിയൊരു ജനവിഭാഗം-കറുത്തവർ, നീഗ്രോസ്, തദ്ദേശീയ ജനതകൾ, സ്ത്രീകൾ, കറുത്ത സ്ത്രീകൾ, ഭാഷാന്യൂനപക്ഷങ്ങൾ, മതന്യൂനപക്ഷങ്ങൾ-ഈ പദ്ധതിയ്ക്ക് പുറത്താണ് ജീവിക്കുന്നത് എന്ന്. അവരുടെ തിരിച്ചുവരവാണ് യഥാർത്ഥത്തിൽ സ്വത്വവാദം എന്ന വാക്കിനെ പൊളിറ്റിക്കൽ ആക്കി മാറ്റിയത്. ജനാധിപത്യത്തെ പരിഷ്കരിക്കാൻ വേണ്ടിയാണ് അവർ തിരിച്ചുവന്നത്. അതല്ലാതെ കമ്യൂണിസ്റ്റ് വിപ്ലവം നടത്താനല്ല. അറുപതുകളിൽ ദളിത് പ്രസ്ഥാനം വളരെ അടഞ്ഞതായിരുന്നു. പക്ഷെ, രണ്ടായിരമൊക്കെ കഴിയുമ്പോൾ ദളിത് പ്രസ്ഥാനങ്ങളുടെ ഭാവി അത് സ്വയം തിരുത്തിക്കുറിക്കുകയാണ്. ഉദാഹരണത്തിന് എൺപതുകളിൽ കേരളത്തിൽ ഉണ്ടായ ദളിത് പ്രസ്ഥാനം സാമൂഹികമായ വിവേചനത്തിന് എതിരെയുള്ള പ്രതിരോധ പ്രസ്ഥാനങ്ങളായിരുന്നു. അന്ന് അവർ നേരിട്ടൊരു പ്രശ്നം, ജാതീയമായ അതിക്രമം ഉണ്ടെന്ന് പറഞ്ഞാൽ അത് വിശ്വസിക്കാത്ത ഒരു ജനതയോടാണ് അവർ സംസാരിച്ചുകൊണ്ടിരിക്കുന്നത് എന്നതാണ്. ഇന്നു പറഞ്ഞാൽ ആളുകൾക്കത് മനസ്സിലാകും. കല്ലറ സുകുമാരൻ പറയുന്ന ഒരു കാര്യമുണ്ട്. ആരെങ്കിലുമൊക്കെ നിങ്ങളെ തല്ലിയാൽ കേറിക്കിടത്തി തിരുമാൻ ഞാൻ 14 ജില്ലയിലും പാർട്ടി ഓഫീസ് പണിഞ്ഞിട്ടുണ്ട് എന്നാണത്. കേരളത്തിലെ രാഷ്ട്രീയമായ ഒരു അനുഭവമാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്. അതായിരുന്നു സ്ഥിതി. അവിടെ നിന്ന് രണ്ടായിരമൊക്കെ കടക്കുമ്പോൾ ഈ രാഷ്ട്രത്തിന്റെ സമ്പത്തിന് മേൽ ഞങ്ങൾക്ക് അവകാശമുണ്ടെന്ന് പ്രഖ്യാപിക്കുന്ന ജനതയായി ആദിവാസികളും ദളിതരും മാറുകയാണ്. ഭൂമി വേണമെന്ന് പറയുന്നതിന്റെ അർത്ഥം ഞങ്ങൾക്ക് കപ്പയിടാൻ സ്ഥലം വേണമെന്നല്ല. ഈ രാഷ്ട്രത്തിന്റെ സമ്പത്തിനുമേൽ ഞങ്ങൾക്കും അവകാശമുണ്ട് എന്നാണ്. വിവേചനമുണ്ട്, അതിന് ആത്യന്തികമായി പരിഹാരം ഉണ്ടാക്കണമെങ്കിൽ ഞങ്ങളിവിടെ തുല്യ അധികാരമുള്ള പൗരന്മാരായി മാറേണ്ടതുണ്ട് എന്നൊരു പുതിയ ഉണർവ്വാണ് ഭൂസമരത്തിലേക്കെല്ലാം പാർശ്വവല്കൃതരെ എത്തിച്ചത്. ഇന്നിപ്പോൾ ഇന്ത്യയിൽ ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ ഭീഷണിക്കെതിരെ തലയുയർത്തി നിൽക്കുന്ന ഏറ്റവും ചലനാത്മകമായ ഘടകം ദളിതർ തന്നെയാണ്. ഇപ്പോൾ ഇടതുപക്ഷക്കാരൊക്കെ ദളിത് കൺവെൻഷൻ നടത്തിക്കൊണ്ടിരിക്കുകയല്ലേ? നടത്തേണ്ടി വരും. അത്രയും പ്രധാനപ്പെട്ട കാറ്റഗറിയായി ദളിത് മൂവ്മെന്റ് മാറിയിട്ടുണ്ട്. അത് കേവലമായ സ്വത്വവാദമാണ്, സാമ്രാജ്യത്വത്തിന്റെ ഫണ്ട് വാങ്ങിയിട്ടാണ്, അത് ജനങ്ങളെ ഭിന്നിപ്പിക്കുന്നതാണ് എന്നൊക്കെ പറയുന്നതിൽ യാതൊരു വസ്തുതയും അടിസ്ഥാനവുമില്ല. നമുക്കിടയിലുള്ള പ്രശ്നങ്ങൾ സംസാരിക്കാതെയും മൂടിവെച്ചും ഐക്യപ്പെട്ട് നിൽക്കണം എന്നു പറയുന്നത് ഒരു ഫ്രോഡ് പരിപാടിയാണ്. നമ്മുടെ പ്രശ്നങ്ങൾ തുറന്നു പറഞ്ഞുകൊണ്ടാണ് നമ്മൾ ഐക്യപ്പെടേണ്ടത്. ദളിതർ അവർ ഒരു സവിശേഷമായ വിഭാഗമാണെന്ന് പറയുമ്പോൾ തൊഴിലാളിവർഗ്ഗം എന്തിനാണ് അസ്വസ്ഥപ്പെടുന്നത്? തൊഴിലാളി അതുകൂടി മനസ്സിലാക്കി അവരുടെ കൂടെ നിന്നാൽ പോരേ. ആദിവാസികൾക്ക് സവിശേഷമായ പ്രശ്നം ഉണ്ടാകുമ്പോൾ തൊഴിലാളിവർഗ്ഗം എന്തിനാണ് ഇങ്ങനെ അസ്വസ്ഥപ്പെടുന്നത്. അത് മനസ്സിലാക്കി ആദിവാസികളുടെ കൂടെ നിൽക്കാനുള്ള ഉത്തരവാദിത്വമല്ലേ ഏറ്റെടുക്കേണ്ടത്. ആദിവാസികൾ, ദളിതർ, സ്ത്രീകൾ നിശബ്ദരായി ഇരുന്നുകൊണ്ട് ഈ ഉന്നത അധികാരവർഗ്ഗം ഉണ്ടാക്കിയ യൂണിറ്റിയെ നിലനിർത്തണമെന്നാണ് ഇവർ പറയുന്നത്. അത് ചരിത്രത്തിന് ആവശ്യമില്ലാത്തൊരു കാര്യമാണ്. യൂണിറ്റിയെ പിളർക്കുകയല്ല, പുതിയൊരു ഐക്യത്തെ സാധ്യമാക്കി എടുക്കുകയാണ് ദളിത് പ്രസ്ഥാനങ്ങൾ ചെയ്യുന്നത്. പുതിയൊരു സോഷ്യൽ കോൺട്രാക്ടിനു വേണ്ടിയാണ് വാദിക്കുന്നത്. അട്ടപ്പാടിയിലെ ആദിവാസികൾ പുതിയൊരു സോഷ്യൽ കോൺട്രാക്ടിനുവേണ്ടിയാണ് വാദിക്കുന്നത്. ഇന്നുവരെയുള്ള കുടിയേറ്റക്കാരന്റെ പെരുമാറ്റം റദ്ദു ചെയ്തു പുതിയൊരു സോഷ്യൽ കോൺട്രാക്ട് ആണ് അവർ ആവശ്യപ്പെടുന്നത്. കുടിയേറ്റക്കാർ അട്ടപ്പാടി വിട്ടുപോകണമെന്നുമല്ല, പുതിയൊരു സോഷ്യൽ കോൺട്രാക്ട് ഇല്ലാതെ മുന്നോട്ടുപോകാൻ കഴിയില്ലെന്നാണ് ആദിവാസികൾ പറയുന്നത്. ദളിത് പ്രസ്ഥാനങ്ങൾ യഥാർത്ഥത്തിൽ പുതിയ സോഷ്യൽ കോൺട്രാക്ടാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്.

**ഇന്ത്യയിലെയും കേരളലത്തിലെയും ഇടത് വലത് പ്രസ്ഥാനങ്ങൾ മൂലധനത്തിന്റെയും കോർപ്പറേറ്റ് അജണ്ടയുടെയും വാഹകർ കൂടി ആയ സാഹചര്യത്തിൽ ഈ ആരോപണം വിചിത്രമായി തോന്നുന്നില്ലേ ?**

ഇന്ത്യയിലെ ഏതെങ്കിലുമൊരു പ്രസ്ഥാനം കോർപ്പറേറ്റ് വിരുദ്ധമാണെന്ന് വിചാരിക്കുവാനുള്ള തെളിവുകളൊന്നും നമ്മുടെ മുന്നിലില്ല. ഇന്ത്യയിൽ കോർപ്പറേറ്റ് വിരുദ്ധമായിരിക്കേണ്ടത് ഇന്ത്യൻ സ്റ്റേറ്റാണ്. ഇന്ത്യൻ സ്റ്റേറ്റ് അത് അല്ലാത്തിടത്തോളം ചിലർക്ക് അത് പറഞ്ഞുനടക്കാമെന്നുള്ളതേയുള്ളൂ. ഇന്ത്യൻ സ്റ്റേറ്റിനെക്കൊണ്ട് കോർപ്പറേറ്റുകളെ വിധേയപ്പെടുത്തുന്ന ഒരു സ്റ്റേറ്റാക്കി മാറ്റാൻ പറ്റുമോ? ഇതാണ് നമ്മള് നേരിടുന്ന പ്രശ്നം. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന പ്രശ്നം ഇന്ത്യൻ കോർപ്പറേറ്റുകളും സവർണ്ണ സംഘടിത വിഭാഗങ്ങളും ഭരണഘടനയ്ക്ക് വിധേയമല്ല എന്നതാണ്. അവരെ ഭരണഘടനയ്ക്ക് വിധേയമാക്കുക എന്നതാണ് പുതിയ പൊളിറ്റിക്സ്. അതുണ്ടാക്കിക്കഴിയുമ്പോൾ മാത്രമേ യഥാർത്ഥ സാമ്രാജ്യത്വവിരുദ്ധത ഉണ്ടാവുകയുള്ളൂ. അതല്ലാതെ പതിനായിരം പേരുടെ പ്രകടനം നടത്തി ഞങ്ങൾ സാമ്രാജ്വത്യവിരുദ്ധർ ആണെന്ന് പറഞ്ഞിട്ട് കഥയൊന്നുമില്ല. കേരളത്തിന്റെ ചരിത്രത്തിൽ സാമ്രാജ്യത്വവിരുദ്ധമായ പ്രവർത്തനം നടത്തിയത് ചെങ്ങറ, അരിപ്പ, മുത്തങ്ങ സമരങ്ങൾ ആണെന്ന് ഞാൻ പറയും. ഹാരിസണിന്റെ ഭൂമിയിൽ കേറീട്ട് ഹാരിസൺ ഇന്ത്യ വിട്ടുപോകാനാണ് അവർ പറഞ്ഞത്. ഈ സമയത്ത് ഇന്ത്യൻ തൊഴിലാളി വർഗ്ഗം സി.ഐ.ടി.യു മുതൽ ബി.എം.എസ് വരെയുള്ള ട്രേഡ് യൂണിയൻ വർഗ്ഗം സംഘടിതമായി വന്ന് സ

മരക്കാർ ഭൂമിയിൽ നിന്ന് ഇറങ്ങിപ്പോകണം എന്നാണ് പറഞ്ഞത്. ഇവിടെയാണ് സാമ്രാജ്യത്വ വിരുദ്ധത ആരുടേതാണെന്ന് മനസ്സിലാകുന്നത്. തദ്ദേശീയ ജനത കേരളത്തിൽ നടത്തുന്ന ഭൂസമരങ്ങൾ തന്നെയാണ് കേരളത്തിൽ നടക്കുന്ന കോൺക്രീറ്റായിട്ടുള്ള സാമ്രാജ്യത്വവിരുദ്ധ മുന്നേറ്റങ്ങൾ. പെമ്പിള ഒരുമയുടെ സമരം വളരെ കോൺക്രീറ്റായിട്ടുള്ള സാമ്രാജ്യത്വ വിരുദ്ധസമരമാണ്. തോട്ടംമേഖല നേരിടുന്ന മൗലികമായ ചില പ്രശ്നങ്ങളെയാണ് അവർ ഉന്നയിക്കാൻ ശ്രമിച്ചത്. അതിനെ മൂടിവയ്ക്കാനാണ് ട്രേഡ് യൂണിയൻ അവിടെയും പരിശ്രമിച്ചത്. ചെങ്ങറയെ ആണ് മാതൃകയാക്കേണ്ടത്. അല്ലാതെ വെറുതെ ഹാരിസണിന് എതിരെ മുദ്രാവാക്യം വിളിച്ചിട്ട് എന്താ കാര്യമുള്ളത്.

കേരളത്തിലെ മുഖ്യധാര ഇടതുപക്ഷമാണ് സാമ്രാജ്യത്വത്തിന്റെ നടത്തിപ്പുകാർ. അവർ നടപ്പിലാക്കിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അടക്കം. ശാസ്ത്ര സാഹിത്യ പരിഷദ് മുൻകൈ എടുത്തിട്ടാണ് അത് നടത്തിക്കൊടുത്തത്. എന്നിട്ട് അവരാണ് പറയുന്നത് ദളിത് പ്രസ്ഥാനം സാമ്രാജ്യത്വത്തിന്റെ വക്താക്കളാണെന്ന്. ആദിവാസികളുടെയോ, ദളിതരുടെയോ മത്സ്യത്തൊഴിലാളികളുടെയോ, തോട്ടംതൊഴിലാളികളുടെയോ പ്രക്ഷോഭങ്ങളൊന്നും തന്നെ ഇവർ പറയുന്ന സ്വത്വവാദം അല്ല. മൂന്നാറിലെ തോട്ടം തൊഴിലാളികളിൽ 95 ശതമാനവും തമിഴ് ദളിതർ ആണ്. ഈ മനുഷ്യർക്ക് കേരളത്തിലും തമിഴ്നാട്ടിലും വേരുകളില്ല. അവകാശങ്ങൾ നിഷേധിക്കപ്പെട്ട ഒരു ജനാവലിയായിട്ടാണ് അവർ അവിടെ ജീവിക്കുന്നത്. അവരുടെ എത്തിനിസിറ്റി പ്രധാനമാണ്. ദളിതരാണ് എന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതുകൊണ്ട് അതിനെക്കൂടി അഡ്രസ്സ് ചെയ്യുന്ന പുതിയൊരു മൂവ്മെന്റ് വേണം. എ.ഐ.ടി.യു.സിക്കോ, സി.ഐ.ടി.യു, ഐ.എൻ.ടി.യു.സിക്കോ ചെയ്തെടുക്കാൻ കഴിയില്ല. പെമ്പിളെ ഒരുമെ പ്രസ്ഥാനം അങ്ങനെയുള്ള ഒരു ഏറ്റെടുക്കലിന് വേണ്ടിയുള്ള പരിശ്രമം ആയിരുന്നു. അതിനെയാണ് ആളുകൾ ഒറ്റക്കെട്ടായി നിന്ന് സംഘടിതമായി പൊളിച്ചടുക്കിയത്. ഇത്തരം സാമൂഹിക യാഥാർത്ഥ്യങ്ങൾ പറയാതിരിക്കുവാനുള്ള കാര്യമായി പ്രത്യയശാസ്ത്രം മാറരുത്. ഇവിടെ മാർക്സിസം ഒരു പ്രത്യയശാസ്ത്രം എന്ന നിലയ്ക്ക് നിർവഹിക്കുന്ന ധർമ്മം, ഗ്രേഡഡ് ഇൻ ഇക്വാലിറ്റിക്ക് അകത്ത് ജീവിക്കുന്ന ജനങ്ങൾ, അവരുടെ ജീവിതത്തിന്റെ യാഥാർത്ഥ്യം പുറത്തുപറയാൻ പറ്റാത്ത തരത്തിലുള്ള ചില ഫോർമാറ്റുകൾ നിർമ്മിച്ചുവെച്ചിരിക്കുന്നു എന്നതാണ്. ആ ഫോർമാറ്റിന് വെളിയിലാണ് ഇപ്പോൾ കാര്യങ്ങൾ നടക്കുന്നത്. അതുകൊണ്ടാണ് അവർക്കിപ്പോൾ കാര്യങ്ങൾ മനസ്സിലാകാത്തത്.

> മൂന്നാറിലെ തോട്ടം തൊഴിലാളികളിൽ 95 ശതമാനവും തമിഴ് ദളിതർ ആണ്. ഈ മനുഷ്യർക്ക് കേരളത്തിലും തമിഴ്നാട്ടിലും വേരുകളില്ല. അവകാശങ്ങൾ നിഷേധിക്കപ്പെട്ട ഒരു ജനാവലിയായിട്ടാണ് അവർ അവിടെ ജീവിക്കുന്നത്. അവരുടെ എത്തിനിസിറ്റി പ്രധാനമാണ്. ദളിതരാണ് എന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതുകൊണ്ട് അതിനെക്കൂടി അഡ്രസ്സ് ചെയ്യുന്ന പുതിയൊരു മൂവ്മെന്റ് വേണം.

**ഹിന്ദുത്വ ഫാസിസ്റ്റ് ഭരണകൂടം ഇന്ത്യയിൽ അധികാരത്തിൽ വന്നതിനു ശേഷം അംബേദ്കർ രാഷ്ട്രീയം പ്രത്യയശാസ്ത്രം ആക്കിക്കൊണ്ട് വലിയ തോതിലുള്ള ദളിത് മുന്നേറ്റമാണല്ലോ ഇന്ത്യയിൽ നടക്കുന്നത്. പ്രത്യേകിച്ച് രോഹിത് വെമുലയുടെ മരണാന്തരം രൂപപ്പെട്ട പ്രക്ഷോഭങ്ങൾ, ഹൈദരാബാദ്-ജെ. എൻ.യു യൂണിവേഴ്സിറ്റികളിലെ സമരങ്ങൾ, ഉന പ്രക്ഷോഭം, ഭീം ആർമി, ഭീമ-കൊറേഗാവ് തുടങ്ങിയവ. അത് ഏപ്രിൽ രണ്ടിൽ ഭാരത് ബന്ദിൽ വരെ എത്തി നിൽക്കുന്നു. ഹിന്ദുത്വ ഫാസിസ്റ്റ് ഭരണകൂടത്തിന്റെ പ്രതിപക്ഷമായി അംബേദ്കറൈറ്റ് മുന്നേറ്റങ്ങൾ മാറുന്ന സന്ദർഭത്തിലാണ് നമ്മൾ ഉള്ളത്. അതിനെ എങ്ങനെ കാണുന്നു ? ഏപ്രിൽ ഒമ്പതിന് കേരളത്തിൽ നടന്ന ദളിത് ഹർത്താൽ കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ എന്തുതരം ചലനമായിരികും സൃഷ്ടിക്കുക ?**

1980-കൾ മുതൽ അഖിലേന്ത്യ അടിസ്ഥാനത്തിൽ നടക്കുന്ന രാഷ്ട്രീയ മാറ്റങ്ങൾ ഇതിന്റെ അടിത്തറയായി മനസ്സിലാക്കേണ്ടതുണ്ട്. എൺപതിലാണ് ബി.എസ്.പി അടക്കമുള്ള രാഷ്ട്രീയ പാർട്ടികൾ രൂപീകൃതമാകുന്നത്. ബി.എസ്.പി, എസ്.പി, ബി.ജെ.പി പോലുള്ള രാഷ്ട്രീയ പാർട്ടികൾ എൺപതുകളുടെ തുടക്കത്തിലാണ് രൂപീകൃതമാകുന്നത്. എസ്.പിയും ബി.എസ്.പിയും ശക്തമായ രാഷ്ട്രീപാർട്ടിയായി മാറുന്നതോടെ കോൺഗ്രസ്സിന്റെ പ്രതാപകാലം അവസാനിക്കുകയാണ്. പിന്നെ ഈ ഹിന്ദി ബെൽറ്റിൽ ഒരിക്കലും കോൺഗ്രസിന് മാന്യമായി തിരിച്ചുവരാൻ കഴിയാത്ത വിധം പുറകിലോട്ട് പോകുന്നുണ്ട്. എസ്.പി-ബി.എസ്.പിയെല്ലാം ദളിത്-പിന്നോക്ക-ന്യൂനപക്ഷ ഐക്യമെന്ന മുദ്രാവാക്യത്തെ കേന്ദ്രീകരിച്ചാണ് രൂപം കൊള്ളുന്നത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പൊടിതട്ടിയെടുക്കുകയും നടപ്പിലാക്കാൻ ശ്രമിക്കുകയും വലിയ കലാപങ്ങൾ നടക്കുകയും ഒക്കെ ചെയ്യുന്നത് ഇതിന്റെ ഭാഗമായാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാതിരിക്കാനുള്ള ഒരു പ്രക്ഷോഭത്തിനും ഇന്ത്യ സാക്ഷ്യം വഹിക്കുന്നുണ്ട്. അത് ഇന്ത്യയിലെ സവർണ്ണ വിദ്യാർത്ഥികൾ നടത്തിയ സംവരണ വിരുദ്ധമായ പ്രക്ഷോഭമായിരുന്നു. ഈ പ്രക്ഷോഭത്തെ ഒളിഞ്ഞും തെളിഞ്ഞും സഹായിച്ചുകൊണ്ടിരുന്നത് ഹിന്ദുത്വ ശക്തികൾ തന്നെയായിരുന്നു. അവരാണ് അതിനുള്ള ചുക്കാൻ പിടിക്കുകയും ഇന്ധനം കൊടുക്കുകയും ചെയ്തത്. ഇന്ത്യയിലെ മുഴുവൻ സവർണ്ണ നേതൃത്വവും സംവരണ വിരുദ്ധപ്രക്ഷോഭത്തെ പിന്തുണച്ചിരുന്നു. പക്ഷെ വളരെ പ്രത്യക്ഷത്തിൽത്തന്നെ ബി.ജെ.പി ആ കളം പിടിച്ചെടുത്തു. ഇങ്ങനെ സംവരണ വിരുദ്ധമായി നടന്ന പ്രക്ഷോഭത്തിന്റെ എനർജിയെ ബാബറി മസ്ജിദ് തകർക്കുന്നതിലേയ്ക്ക് എത്തിച്ചതാണ് ബി.ജെ.പിയുടെ രാഷ്ട്രീയ വിജയത്തിന്റെ ടേണിംഗ് പോയിന്റ്. ബാബറി മസ്ജിദ് തകർക്കപ്പെട്ടതിനുശേഷം വിഖ്യാതമായ ഒരൊറ്റ സംവരണ പ്രക്ഷോഭത്തെപ്പോലും ബി.ജെ.പി പിന്തുണച്ചിട്ടില്ല. അതിന്റെ ഒരു കാരണം സംവരണ വിരുദ്ധ പ്രക്ഷോഭം ഹിന്ദു പൊളിറ്റിക്കൽ എന്റിറ്റിയെ പിളർക്കുന്ന ഒന്നാണ്. അതുകൊണ്ട് ന്യൂനപക്ഷവിരുദ്ധമായ ഒരു

ധാരയിലേക്ക് ഇതിനെ പൂർണ്ണമായും നിർത്തുകയാണ് ചെയ്തത്. അങ്ങനെ ന്യൂനപക്ഷവിരുദ്ധമായ ഒരു രാഷ്ട്രീയത്തെയാണ് ബി.ജെ.പി പതുക്കെ ശക്തിപ്പെടുത്തിയത്. കോൺഗ്രസ്സും ഏറിയും കുറഞ്ഞും ബി.ജെ.പി പറയുന്നത് തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. തീവ്രവാദപരമായ സ്വഭാവം കുറവുണ്ടായിരിക്കാം. കമ്യൂണിസ്റ്റ് പാർട്ടികൾ മുതൽ ബി.ജെ.പി വരെ ചെയ്യുന്നത് ഒന്നുതന്നെയാണ്. അതിനോട് വിമർശനപരമായ സമീപനം സൂക്ഷിച്ച ഒരേയൊരു രാഷ്ട്രീയധാര ഇന്ത്യയിൽ അംബേദ്കർ ആണെന്നുള്ളതാണ് അംബേദ്കറിന്റെ പ്രാധാന്യം. ഹിന്ദു എന്നു പറയുന്ന ആ ആശയസംഹിതയും അതിന്റെ മൂല്യമണ്ഡലവും ജനാധിപത്യത്തിനും സാഹോദര്യത്തിനും എതിരാണെന്നും അതുകൊണ്ട് അതിനെ വിമർശനപരമായി സമീപിക്കുകയും തള്ളിക്കളയുകയും ചെയ്താൽ മാത്രമേ ഇന്ത്യയിൽ ജനാധിപത്യം സാധ്യമാവൂ എന്നും കണ്ടെത്തിയ ആദ്യത്തെ ദാർശനികൻ അംബേദ്കറാണ്. മാർക്സിസ്റ്റ് പാർട്ടി കൃഷ്ണൻ നിങ്ങളുടേത് മാത്രമല്ല ഞങ്ങളുടേതുകൂടിയാണെന്ന് പറയുന്നതിനു പിന്നിൽ ഈയൊരു പ്രശ്നമാണ് അടങ്ങിയിട്ടുള്ളത്. പക്ഷെ കൃഷ്ണൻ വളരെ മോശപ്പെട്ട മനുഷ്യനായിരുന്നു എന്നാണ് അംബേദ്കർ 'റിഡിൽസ് ഓഫ് രാമ ആന്റ് കൃഷ്ണ' എന്ന പുസ്തകത്തിൽ എഴുതിയിരിക്കുന്നത്. ദൈവങ്ങളാകാൻ യാതൊരു യോഗ്യതയുമില്ലാത്തവരാണവർ. അവർ മാതൃകാജീവിതം നയിച്ചവരല്ല. അവർ കുഴപ്പക്കാർ ആണെന്നുതന്നെയാണ് അംബേദ്കർ ഉറപ്പിച്ചു സ്ഥാപിച്ചുകൊണ്ടിരുന്നത്. ഹിന്ദുത്വരാഷ്ട്രീയം ശക്തിപ്പെടുകയും ദളിതരും മതന്യൂനപക്ഷങ്ങളും പിന്നോക്കക്കാരും നിരന്തരം വേട്ടയാടപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്യുന്ന പുതിയ ദേശീയ സാഹചര്യത്തിൽ ഡോ. അംബേദ്കർ തിരിച്ചുവരുന്നത് ഈ രാഷ്ട്രീയധാരയുടെ വക്താവ് എന്ന നിലയ്ക്കാണ്. ഹിന്ദുത്വവിമർശനത്തിന്റെ ആശയ പ്രപഞ്ചമുള്ള ഒരു ദാർശനികൻ എന്ന നിലയ്ക്കാണ് അംബേദ്കർ വീണ്ടും ചരിത്രത്തിലേയ്ക്ക് തിരിച്ചുവരുന്നത്. അതുകൊണ്ടാണ് മോഡി അധികാരത്തിൽ വന്നതിനുശേഷം ഇന്ത്യയിൽ നടന്ന മുഴുവൻ സോഷ്യൽ മൂവ്മെന്റിന്റെയും ലീഡേഴ്സ് ദളിതരും അംബേദ്കറൈറ്റുകളുമാണെന്ന് ബോദ്ധ്യപ്പെടും. വേറെ ആരും ഒന്നും ചെയ്യുന്നില്ല എന്നല്ല, ചെയ്യുന്നുണ്ടാവാം. പക്ഷെ ഹിന്ദുത്വത്തിന് മുഖാമുഖം നിൽക്കുകയും ആ നിൽപ്പിന് ഒരു തുടർച്ച ഉണ്ടാക്കുകയും ചെയ്ത ഒരേയൊരു ജനവിഭാഗം ദളിതരാണെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. രോഹിത് വെമുലയുടെ ആത്മഹത്യാനന്തരം ഇന്ത്യയിലെ ക്യാമ്പസുകളിൽ രൂപപ്പെട്ടുവന്ന വിദ്യാർത്ഥി മുന്നേറ്റങ്ങളിലെല്ലാം അംബേദ്കർ പ്രധാന ഐക്കണാണ്. രോഹിത് വെമുല തന്നെ അംബേദ്കർ സ്റ്റുഡന്റ്സ് അസോസിയേഷന്റെ വക്താവായിരുന്നു. പ്രതിസ്ഥാനത്ത് എ.ബി.വി.പിയും. ആ പ്രക്ഷോഭം നടക്കുന്ന ഘട്ടത്തിൽ സാക്ഷാൽ നരേന്ദ്രമോദി പങ്കെടുക്കുന്ന ലക്നൗവിലെ ഒരു യൂണിവേഴ്സിറ്റി സമ്മേളനത്തിൽ പ്രതിഷേധിച്ചത് രണ്ട് ദളിത് വിദ്യാർത്ഥികളാണ്. അതിനുശേഷം ഉനയിലെ പ്രതിഷേധം. ആ പ്രതിഷേധത്തെ രാഷ്ട്രീയമായി പരിവർത്തനപ്പെടുത്താനും അധികാരത്തിലെത്താനും വരെ കഴിഞ്ഞു എന്നതാണ് ജിഗ്നേഷ് മേവാനിയുടെ വിജയം. ഉത്തർപ്രദേശിൽ ചന്ദ്രശേഖര ആസാദിരാവന്റെ ഇടപെടലിനെ തുടർന്ന് ജനം ഹിന്ദു ദൈവങ്ങളെ തോട്ടിൽ ഒഴുക്കി കളയുന്നവിധം മാറി. അതിന് എതിരുനിൽക്കുന്നത് ബജ്റംഗ്ദൾ പോലെയുള്ള തീവ്രവാദ സംഘടനകളാണ്. ലക്ഷക്കണക്കിന് ആളുകളെ അണിനിരത്തിക്കൊണ്ടാണ് അംബേദ്കറിന്റെ പേരിൽ അദ്ദേഹം പ്രതിരോധം തീർത്തത്. ഭീമ-കൊറേഗാവിലേക്ക് എത്തുമ്പോൾ, തീർത്ഥാടകർ ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്ന ഒരു സാഹചര്യത്തിലാണ് മഹാരാഷ്ട്രയിൽ ഹർത്താൽ പ്രഖ്യാപിക്കുന്നത്. ലക്ഷക്കണക്കിന് ആളുകൾ പങ്കെടുത്ത സമ്പൂർണ്ണ ഹർത്താലാണ് നടന്നത്. അവിടെയും പ്രതിസ്ഥാനത്ത് നിൽക്കുന്നത് ഹിന്ദു സംഘടനകളാണ്. അതിനു ശേഷമാണ് എ.സി/എസ്.ടി അതിക്രമം തടയൽ നിയമം സുപ്രീംകോടതി ദുർബലപ്പെടുത്തുന്നതിന്റെ ഭാഗമായി എട്ടു സംസ്ഥാനം സമ്പൂർണ്ണമായി സ്തംഭിപ്പിച്ച ഒരു ഭാരത് ബന്ദ് ദളിത് സംഘടനകൾ നടത്തിയത്. 13 പേരാണ് അതിൽ കൊല്ലപ്പെട്ടത്. അവിടേയും പ്രതിസ്ഥാനത്ത് നില്ക്കുന്നത് ബി.ജെ.പി ആണ്. ഏറ്റവും ഒടുവിൽ ഏപ്രിൽ ഒമ്പതിന് കേരളത്തില് നടന്ന ഹർത്താലടക്കം. ഇത് സൂചിപ്പിക്കുന്നത് ചരിത്രപരമായി ഈ ഹിന്ദുത്വ രാഷ്ട്രീയത്തെ പ്രതിരോധിക്കുവാനുള്ള ശേഷിയുള്ള ഏറ്റവും ചലനാത്മകമായ ഘടകമായി ദളിതർ മാറിക്കഴിഞ്ഞു എന്നതാണ്. ഇവരോട് ഐക്യപ്പെടുക എന്നതാണ് ഇതര സാമൂഹിക വിഭാഗങ്ങൾ ഇനി ചെയ്യേണ്ടത്. അങ്ങനെ പുതിയൊരു പൊളിറ്റിക്സിലേക്ക് നമുക്ക് പോകേണ്ടതുണ്ട്. ദളിതർക്ക് സ്വതന്ത്രമായി നിൽക്കാൻ കഴിയില്ല എന്നൊരു വാദം പൊതുവിലുണ്ട്. ഞാനതിനെ പരിപൂർണ്ണമായി തള്ളിക്കളയുകയാണ്. "നിങ്ങൾ മറ്റേത് സമുദായവുമായി ഐക്യപ്പെടുന്നുണ്ടെങ്കിൽ നിങ്ങൾ സ്വതന്ത്ര പരമാധികാര (sovereign) സമുദായമായി നിന്നുകൊണ്ട് വേണം" എന്ന് അംബേദ്കർ വളരെ വ്യക്തമായി പറയുന്നുണ്ട്. Sovereign എന്ന വാക്കാണ് അംബേദ്കർ ഉപയോഗിക്കുന്നത്. ഇന്ത്യയിൽ ഇപ്പോൾ ദളിതർ ഒരു സ്വതന്ത്ര പരമാധികാര അസ്തിത്വം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ദളിത് ഹർത്താൽ സ്ഥാപിച്ചത് അതാണ്. കേരളത്തിലെ ദളിതർക്ക് സ്വന്തം നിലയിൽ ഒരു ഹർത്താൽ പ്രഖ്യാപിച്ച് വിജയിപ്പിക്കാൻ കഴിയുമെന്ന് അവർ സ്ഥാപിച്ചെടുത്തു. അതിലൂടെ സാമൂഹികമായ നിർവഹണ അധികാരമാണ് ദളിതർ കൈവശപ്പെടുത്തിയത്. ആദിവാസികൾ ഹർത്താൽ വിജയിപ്പിക്കാൻ വേണ്ടി തെരുവിൽ ഇറങ്ങുമ്പോൾ അവർ ഒരു സോഷ്യൽ ഏജൻസി മാത്രമല്ല, സാമൂഹിക നിർവഹണ അധികാരം കൂടിയാണ് നേടിയെടുക്കുന്നത്. അതിനോട് രാഷ്ട്രീയ പാർട്ടികൾ, മുസ്ലീങ്ങൾ അടക്കമുള്ള സാമുദായിക വിഭാഗങ്ങൾ, പിന്നോക്കക്കാർ ഐക്യപ്പെടുകയും പിന്തുണക്കുകയും ചെയ്യുന്ന കാഴ്ചയ്ക്കാണ് ഇന്ത്യ സാക്ഷ്യം വഹിക്കുന്നത്. ഇന്ത്യയിൽ മുസ്ലീം സംഘടനകൾ എന്തു വിചാരിച്ചാലും, അവർ വിചാരിക്കുംതോറും ഹിന്ദുത്വശക്തികൾ കൂടുതൽ ശക്തിപ്പെടുകയാണ്. മറിച്ച് ദളിതരും ആദിവാസികളും പിന്നോക്കക്കാരും സംഘപരിവാർ കെട്ടുകഥകളിൽ നിന്നും പിടിവിട്ടാൽ മൈക്രോസ്കോപിക് മൈനോറിറ്റി ആയി അവർ മാറും. അത് സംഭവിച്ചുതുടങ്ങിയിട്ടുമുണ്ട്. ഹിന്ദുത്വവിരുദ്ധമായ, ഹിന്ദു നൈതികതക്കെതിരായി വിമർശനങ്ങൾ ഉന്നയിക്കുന്ന അംബേദ്കറൈറ്റ് ധാരതന്നെയാണ് അതിന്റെ ഏറ്റവും വലിയ ബലം. ■